

# CHURCH VOICE

C. S. I. MATEER MEMORIAL CHURCH

Vol. 12 No. 10 Newsletter October 2014



*“നിങ്ങളുടെ വാർദ്ധക്യംവരെ ഞാൻ അനന്യൻ തന്നേ;
നിങ്ങൾ നരയ്ക്കുവോളം ഞാൻ നിങ്ങളെ ചുമക്കും;”
(യെശയ്യ 46:4)*

## അഭിനന്ദനങ്ങൾ



അച്ചടിസ്ഥാപനങ്ങളുടെ ദേശീയ സംഘടനയായ ഓൾ ഇന്ത്യാ ഫെഡറേഷൻ ഓഫ് മാസ്റ്റർ പ്രിന്റേഴ്സിന്റെ പ്രഥമ 'പ്രിന്റ് രത്ന' പുരസ്ക്കാരത്തിന് അർഹനായ കെ.സി.സഞ്ജീവ്. തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന വെൽബൗണ്ട് വേൾഡ്വൈഡ് എന്ന സ്ഥാപനത്തിന്റെ സാരഥിയായ ഇദ്ദേഹം മികച്ച വ്യവസായ സംരംഭകനുള്ള രാഷ്ട്രപതിയുടെ അവാർഡ് രണ്ടുതവണ നേടിയിട്ടുണ്ട്. ഭാര്യ: ഡോ. സജിത ഡി.എസ്, മക്കൾ: സൂരജ് സഞ്ജീവ്, ധീരജ് സഞ്ജീവ്.

### മെഡിക്കൽ ക്യാമ്പ്

സി.ഇ.വൈ.എഫിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 31-ന് ഉറിയാക്കോട് സി.എസ്.ഐ. സഭയിൽവെച്ച് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായി. ഡോ. സാംസൺ നേശയ്യയുടെ നേതൃത്വത്തിൽ പത്തോളം ഡോക്ടർമാർ വൈദ്യപരിശോധനനടത്തി. 250-ഓളം പേർ പങ്കെടുത്തു.

### ചാരിറ്റി ഫെസ്റ്റ്

യംഗ് ഫാമിലി ഫെല്ലോഷിപ്പ് നടത്തുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ധനശേഖരണാർത്ഥം സെപ്റ്റംബർ ആറാം തീയതി ചാരിറ്റിഫെസ്റ്റ് സംഘടിപ്പിച്ചു. ഡോ. ഗീതാ റോബിൻസൺ ഉദ്ഘാടനം ചെയ്തു. ഇതിലൂടെ 3,14,535 രൂപ സമാഹരിച്ചു.

### എസ്.സി.എഫ് റിട്രീറ്റ്

സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 30-ാം തീയതി ശനിയാഴ്ച കുളത്തുപ്പുഴ സെന്റ് പോൾസ് സി.എസ്.ഐ ദേവാലയത്തിൽവെച്ച് റിട്രീറ്റ് സംഘടിപ്പിക്കുകയുണ്ടായി. റവ. റ്റി.സെൽവരാജൻ, റവ. രാജീവ് ടൈറ്റസ് എന്നിവർ പ്രസംഗിച്ചു. റിട്രീറ്റിന് ശേഷം എസ്.സി.എഫ് അംഗങ്ങൾ തെന്മല ഡാമും പരിസരങ്ങളും സന്ദർശിച്ചു.

### സീനിയർ സിറ്റിസൺസ് വാരം - 2014

സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 5 വരെ സീനിയർ സിറ്റിസൺസ് വാരമായി എസ്.സി.എഫിന്റെ നേതൃത്വത്തിൽ ആചരിക്കുന്നു. **വാർദ്ധക്യത്തിൽ ജീവിതം അർത്ഥപൂർണ്ണമാക്കുക** എന്നതാണ് ചിന്താവിഷയം. ഇതോടനുബന്ധിച്ച് ഭവനപ്രാർത്ഥന, സഭയിലെ മുതിർന്ന അംഗങ്ങളുടെ ഭവനസന്ദർശനം, ആതുരാലയ സന്ദർശനം, ഏകദിനസെമിനാർ എന്നിവ സംഘടിപ്പിക്കുന്നു. ഒക്ടോബർ അഞ്ചാം തീയതി ഞായറാഴ്ച വൈകുന്നേരം 4.15 മണിക്കുള്ള ആരാധനയിൽവെച്ച് 75 വയസ്സ് പൂർത്തിയാക്കിയ നമ്മുടെ സഭാംഗങ്ങളെയും കുടുംബജീവിതത്തിൽ 50 വർഷം പൂർത്തിയാക്കിയവരെയും ആദരിക്കുന്നതാണ്. ഡോ. ബിജു ജേക്കബ് (അക്കൗണ്ടന്റ് ജനറൽ, കേരള) മുഖ്യാതിഥിയായിരിക്കും.

### ആരാധനസമയം പുനക്രമീകരണം

ഒക്ടോബർ മാസം മുതൽ രാവിലെ മലയാളം ആരാധന 8.30 നും ഇംഗ്ലീഷ് ആരാധന 10.30നും ആരംഭിക്കാൻ സെപ്റ്റംബർ 21-നു കൂടിയ സഭാകമ്മിറ്റി തീരുമാനിച്ചു.

**CHURCH VOICE**

12th year of publication

**OCTOBER 2014**

**CHIEF EDITOR**

Rev. T. Selvarajan

**EDITOR**

R. Sajan Samson

**SUB-EDITOR**

Manoj Kumar Ebenezer

**EDITORIAL BOARD**

Rev. C.R. Vincent
Rev. E. Sunin Spenzer
Dr. Christenson E. Sarasam
Adv. Sarjine Thomas

**CIRCULATION MANAGER**

Zaem Enock

**ADDRESS:**

The Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles / Feedback may be sent to :

churchvoice@gmail.com
before 15th of every month

Church Voice can be read online at our website

www.mateermemorialchurch.com

## CSI MATEER MEMORIAL CHURCH
### Regular Weekly Programme

| | | |
|---|---|---|
| | **Morning Worship (Monday to Saturday)** | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.30 a.m |
| | English Service | 10.30 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 09.30 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.00 a.m |
| | Young Family Fellowship | 05.30 p.m |
| | Praise and Worship (First Sunday) | 06.15 p.m |
| Monday | Bible Class | 05.30 p.m |
| | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer (3 houses) | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Missionary Prayer Fellowship | 04.30 p.m |
| | Circle Prayer (3 houses) | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparation Service (First Saturday) | 07.00 p.m |

### Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. T. Selvarajan(President) | 2724658 | 9497017194 |
| Rev. C. R. Vincent (Presbyter) | 2316544 | 9446850066 |
| Rev. E. Sunin Spenzer (Presbyter) | 2316644 | 8547811284 |
| Dr. Christenson E. Sarasam (Secretary) | 2327722 | 9995100420 |
| Adv. Sarjine Thomas (Accountant) | 2435142 | 9847104775 |
| Mr. Y. Christudas | 2318213 | 9895114633 |
| Dr. S. G. Churchin Ben | 2315655 | 9447177666 |
| Dr. Arthur Jacob J. | 3215063 | 9447965063 |
| Dr. S. Satheesh | 2315232 | 9447104460 |
| Mr. T. Jayakumar Alfred | 2534781 | 9895110652 |
| Mr. R. Sajan Samson | 2555013 | 9447153170 |
| Er. Joshi Das Y.S. | 2315106 | 9446052121 |
| Mrs. Charlet Bai Robert Singh | 2436338 | 9495551064 |
| Mrs. Pushpa Madan | 2553247 | 9847215215 |
| Dr. John Sajit Edwin | 2326839 | 9847040490 |
| Church Office | 2311347 | |
| Mr. T. Rajeev (Sexton) | | 9895801012 |
| Mr. G. Wilson (Parish Asst.) | | 9447525339 |



## The Christian Response to Caring for the Elderly

Greetings to you all in the matchless name of our Lord and saviour Jesus Christ. This week we are meditating upon the theme 'Caring for the Elderly'.

Each one should try to do the most, instead of the least. God will not let the deeds of mercy remain unpaid with outward spiritual blessing. When parents are unwelcome and feel that they are a burden, it grieves their hearts and they cry unto the Most High to deliver them and shorten their life, so that they are no longer "in the children's way."

God often punishes the ungratefulness of unwilling children by visible wrath. The things that often follow such children should be enough to make each of us wise. Be glad, my dear children, to receive instruction from your father. For whoever does not receive instruction will harvest poverty and shame. Whoever allows himself to be reproved shall come to honour.

God never forgets good done to parents.

Alas, in our day, children are too careless, thankless, unloving, and unkind to accept the instruction on how to respect their father and mother. They are not only instructed in school, but also from God's Word and His church. My children, try to improve these things and respect your father's teaching, seeking to live in deeds that your parents have tried to teach you. Do not forget your duty to help, care, and console them in their home. God will bless you, and you shall again reap blessings from your own children and be rewarded with joy in the eternal kingdom to come. God shall never forget the good done to parents. He who fears God honours his father, serves his parents, and esteems them as a lord. You should foresee their desires and needs, and not wait until they ask for help. Do what you do out of a willing heart, in the same way you have seen servants please their masters.

### Duties of children to their aged parents

Sometimes children forget their duty to their parents because of too much money, greed, pleasure, or honour. There are a thousand

different tools for Satan. He knows how to disguise himself, as he has done in times past with the Jews, robbing them while under the pretense of serving God.

Christ taught in Matthew 15:4-9 :For God commanded, saying, Honour thy father and mother. “My son do not forget my law. But let your heart keep my commands; for length of days and long life and peace they will add to you”. (Prov. 3:1, 2)

Jesus shows that the commandment to honour father and mother has always included their care and assistance in poverty and need. If this is not honoured, the commandment is not kept. In heathen China, the law of the land forbids the oldest son to become a monk, for it is said that he is indebted to care for his parents in their old age. It is both approved by God and heathen laws that children sacrifice their goods and money in an effort to support their parents.

God would place a severe punishment upon those who spend their money and possessions that belongs to the support of the parents, upon worldly, unnecessary pleasures of a luxurious life. It would be the children's sin if the aged parents had to sweat and seek their bread like the poor, or live from the alms of the church. It would be a sin if the children desired to be carefree and pleasure-seeking, instead of making an honest living for the parents so that they would not be a burden to others. 1 Ti. 5:16

If a believing man or woman be widowed, they should be helped by their close relatives so that the church is not burdened. Children should care for their parents, if they are able, so that the church and the government are not burdened. These things are for all to consider who wish to be found among God's people. Cyprian said, "How can one be held in honor when he is old, if he was not willing to work when he was young and do his duty? For as a person has worked, so shall he also be paid.

Never mock the mind weakened by age. Have patience when parents get old One wise man wrote, "And if your father's understanding fails, have patience with him, and despise him not when you are in the days of full strength." When their parents become old, many children disregard them, saying, "Father does everything wrong." "Mother doesn't know what she is doing." "They both don't

understand." "It is best that way," they say ... and so they please themselves in a luxurious life.

It often happens that parents' minds weaken, yet the children should be careful not to despise them, esteem them too little, shame their speech, or laugh at their faulty suggestions. Don't snicker at them as you might a child, even if they are childish in their thoughts. They are your parents, and the Lord wants them to be honored. If their conversation lacks reason, we should not make light of it, but provide good judgment for them. It is expedient and Christlike that you give them no reason to be angered. If they become dissatisfied because of their childish reasoning, we should bear with them since they have become as children in their thoughts. They have overlooked the unpleasant side in you, in your childhood. Both Scripture and nature teach that you now have a duty to overlook the unpleasant side in your elderly parents.

We should bear with them since they have become as children in their thoughts.

**Do not feel wiser than your parents**

We have the example of the young student in Eritria. After a long time, he came home, and his father asked him what he had learned. The son answered that he would show him. Not long after the father became angry and hit the son. The son was calm and said to the father, "This much I have learned, that I can forbear my father's anger and not be discontent or frustrated toward you."

If nonbelievers can do this, how much more should Christian children, who are raised in the faith of Christ, patiently bear the weaknesses and desires of their parents? We should imitate the sons of Noah, Shem and Japheth who covered their father's shame. But alas, how often the mocker Ham is happy to tell others about the weakness of his parent. Ge. 9:21

All those who desire to make life better should be careful not to disrespect their father or seek to pull the wool over his eyes. This is not right! Sometimes parents are not as dumb as they are thought to be and they can catch the tricks of the children who are deceiving them.

There was once a student who thought he was much smarter than his father. The father felt and told the son that his education

was a waste of time and money. The father wished to test his education when the son arrived home, and asked him what he now knew that the father didn't know. The son said maybe he could think of something later.

Not long afterward there were three eggs on the table at mealtime. The son thought he was ready to show his father what he had learned in school. The son asked the father if he knew that out of the three eggs, there were really five. The father said astoundingly that he couldn't understand how that could be, but perhaps maybe the son had learned some new things. The son explained to the father that if you have three eggs, you also have two eggs. And … three plus two equals five!

The father told the son that he could have the two extra eggs, and he the father would eat the three on the table. The poor student could not get ahead of his father.

1. Thankam B. Soman (Dasamma Teacher )W/o Late Balaguru Soman has passed away on 29th August. Please pray for the bereaved family.
2. The **Teenage Camp** will be held from 1st October to 4th October at Maria Rani Centre Sreekaryam. Kindly send your children to this camp.
3. The Church which the **Senior citizen fellowship** sponsored at Rajasthan mission field was dedicated on 18th September.
4. NMS Sunday was celebrated on September 9th. Mr.John Samuel, Rev. John Jayaraj, Er. Jayakumar, Mr. Hizkiah, and Rt. Rev.Vijayakumar, Bishop of Bhulbani (CNI) were the chief guests of the programme.
5. The Church convention will be on September 26, 27, and 28th under the leadership of Gospel Band at MM Church.
6. The Church Choir retreat will be held from September 12-14 at Wayanad.

May God Bless you all.

**Rev. T. Selvarajan**
Presbyter-in-charge

## SECRETARY'S REPORT



Dear friends in Christ,

All stages of life are the gift of God and especially ageing gracefully is the abundant blessing of God. The Biblical mandate found in Exodus 20:12 is : "Honour your Father and Mother" ie. to love and care for the elderly with reverence. Parents as they grow old, expect and long for genuine love from their children. They look forward to the nearness of children, their joys and sorrows to be shared with them. In spite of Joseph holding great power, position and wealth he did not forget the love of his father towards him when he was a child. This of course is a lesson to be learned as children grow and mature in life.

The elderly people are full of life experiences and faith stories. Listening to them enriches and equips the younger ones for rich and meaningful celebration of life. In the present day context, most of the aged are robbed of their dignity and also their properties and wealth. Some are placed in old age homes and many are shunned to any forlorn corner of the house. **The space of the aged within the domestic environment is tending to become thinner and thinner. Several are left without adequate strength to confront or counter the younger ones. Because of the rift between the aged and the children, families are breaking down. Yet, there are a good number of families where parents and children live in harmony, Christian values are cherished inculcated and practised.** The call of the hour is to love and be loyal to the aged parents, grandparents and other aged people outside the family unit.

The **General Body** meeting of our Church was held on Sunday, 21st September.

**Financial Assistance**

1. Rs. 2,000/- and Rs.10,000/- were granted to Mr. Suresh(medical aid) and Mr. Vijayakumar (educational aid) of Salem Mission Field respectively.
2. Mr. Lifin (Church member) was granted Rs.8,000/- towards educational aid. Educational aid of Rs.5,000- was sanctioned to Miss. Sandhya (Nursing student).
3. Marriage aid of Rs.10,000/- was granted to the granddaughter of our former Bible Woman Smt. Vilasini.
4. Mr. Shaji (Palode) was granted Rs.1,000/- and Smt. Valsamma of CRD Home 10,000/- was granted towards medical aid.

**City Mission fields**

The monthly remuneration for our City Mission field workers has been enhanced to Rs.6,000/-. The proposal of instituting a Guidance Centre in the Medical College area is accepted and a committee constituted consisting of Er. Ajith Sen, Dr. Satheesh S, Dr. S.G. Churchin Ben and office bearers of the Church with Dr. Arthur Jacob as Convener.

**Salem Mission Field**

A three member team consisting of Rev. Sunin Spenzer, Dr. S. G. Churchin Ben and Church Secretary visited the Salem Mission Field to review the present activities. Foundation stone for "Mrs. Retnamma Israel Memorial Church" at Salem Mission Field Head Quarters at Karimanthura in Kalrayan Hills was laid by Rev. Sunin Spenzer on 31st September, 2014. Adult Baptism for 4 persons was administered on that day. Church building constructed by SCF in Rajasthan Mission Field was dedicated by our Bishop on 18-09-2014.

**Endowments**

Er. James Wilson has contributed an amount of Rs.1,11,000/- to constitute **Annammal Sarada Wilson Memorial Fund** for awarding a Gold Medal to the top scorer in Plus Two Examination (State).

Mr. Jayanth Godwin has contributed an amount of Rs.10,000/- to enhance the endowment in the name of his parents: " T Godwin & Iris Sarathaji Godwin Endowment Fund for Summer School, MM Church " - for awarding prizes in Summer School.

## Youth Fellowship

Pray for the teenage camp of CEYF conducted from 1st to 4th October 2014.

**Cemetery chapel**

The work in connection with the Toilet in the Cemetery chapel has been completed and a music system installed at a total cost of Rs.82,390/-.

**Membership:**

Temporary Membership had been granted to Mr. Suresh Kumar and family - Sanjay Nivas, GRA-650, Gowreeshapattom, Trivandrum-695004.

**Obituary**

1) **Dolly Bai John** (Family No. 1083) wife of late Rev. L. John was called to eternal rest on 28-07-2014 and the burial was conducted on 29-07-2014. 2) **Thankam B. Somon**, wife of late Balaguru Somon slept in the Lord on 29-08-2014 and burial was conducted on 31-08-2014. Please remember the bereaved family members in your continued prayers.

The Church committee resolved to nominate the following persons as Conveners for the Christmas related programmes:

1. **Harvest Festival** : Mr. Vijay Wills (Convener), Mr. Jaichand Johnson, Adv. Saguna Raj & Adv. Sarjine Thomas (Accountant) (13th December, 2014)
2. **Love Feast** : Rev. Sunin Spenzer, M/s Zaem Enock, Y. Christudas, K. Hudson, Regiee David (7th December, 2014)
3. **Poor clothing & X'mas Kit :** Mrs.Charlet Bai Robert Singh & Mrs. Pushpa Madan
4. **Felicitation** : Mr. R. Sajan Samson (7-12-2014)
5. **Combined Christmas Celebration**: Mr. Rajesh Kumar Praseedom, Mr. Stanley Wilson, Mr. Reggiee David, Mr. Premchand Johnson (Choir), Mrs. Salima Ben (WF) (23-12-2014)
6. **Manger, Christmas Tree & Star Competition :**
   M/s Jothi Sathyanes, J. Albert & Regiee David (23-12-2014)
7. **Church Decoration & Campus Illumination (Christmas Week):** Mr. Reggiee David, CEYF members, Mr. Ajith Sen & Er. Joshi Das Y.S
8. **Carol Rounds :** Mr. T. Jayakumar Alfred, Dr. Arthur Jacob, Mr. Zaem Enock and Mr. Naveen Sam (Choir Secretary) (from the last week of November'14)

Let us all prayerfully get prepared for the activities and programmes in the forthcoming months. Yours in His Bonds,

**Dr. Christenson E. Sarasam**



# പ്രതിവാര ധ്യാനം

**ഒക്ടോബർ 2014**

ഒക്ടോബർ 5, 2014, സീനിയർ സിറ്റിസൺസ് ഞായർ
വിഷയം: **മുതിർന്നവരെ കരുതുക**
യെശയ്യ.40:21-31, സങ്കീ. 71:1-9, എഫെ.6:5-18, ലൂക്കോ.2:25-39

ഒക്ടോബർ 12, 2014, രണ്ടാം ഞായർ
വിഷയം: **ജീവിതത്തിന്റെ പവിത്രത**
പുറ.4:10-17, സങ്കീ.37, 2.കൊരി.12:1-10, യോഹ.5:1-9

ഒക്ടോബർ 19, 2014, മൂന്നാം ഞായർ
വിഷയം: **സമകാലീന ലോകത്തിൽ യുവാക്കളുടെ ആത്മീയത**
ഉൽപ്പ.41:37-43, സങ്കീ.111, ഫിലി.3:1-16, മത്താ.19:16-22

ഒക്ടോബർ 26, 2014, നാലാം ഞായർ
വിഷയം: **വിശ്വാസത്തിന്റെ പുനർകണ്ടെത്തലും പുനർജീവിക്കലും**
2 ദിന.വൃ.34:8-21, സങ്കീ.46, വെളി.2:1-7, യോഹ 2.12-22

# ഫലപ്രദമായ വാർദ്ധക്യം

റവ. ഡോ. എ.ആർ.സുശീൽ
(കെ.യു.റ്റി. സെമിനാരി)

*വേദഭാഗം: യെശയ്യ.40:29-31*

ജീവിതയാത്ര തുടങ്ങുന്നത് ശൈശവത്തിലാണ്. നിസ്സഹായനായ ഒരു കുഞ്ഞായി ഭൂമിയിൽ ജനിക്കുന്നു. ഒട്ടേറെ പേരുടെ സഹായത്തോടെ വളരുന്നു. തുടർന്ന് ബാല്യത്തിലേക്ക് പ്രവേശിക്കുന്നു. കളിചിരികളുടെ സ്വതന്ത്രമായ ലോകത്തിൽ വളരുന്നു, എന്നാൽ അപ്പോഴും മാതാപിതാക്കളുടെ സംരക്ഷണവും നിയന്ത്രണവും ഉണ്ടാകും. കൗമാരത്തിലേക്ക് എത്തിക്കഴിഞ്ഞപ്പോൾ ബാല്യത്തിന്റെയും, പക്വതയുടെയും ലക്ഷണങ്ങൾ പ്രകടിപ്പിക്കും. കൂട്ടുകാരാണ് അവരുടെ മുഖ്യആകർഷണം. യൗവ്വനത്തിൽ ജോലി, വിവാഹം, ജീവിതലക്ഷ്യം മുതലായവ തീരുമാനിക്കപ്പെടും. അതിനുശേഷം മധ്യവയസ്സിൽ ജീവിതത്തിന്റെ പ്രധാനചുമതലകൾ പൂർത്തിയാക്കുന്നു. മക്കളുടെ വിവാഹം, ജോലിയിൽ നിന്ന് വിരമിക്കൽ തുടങ്ങിയവ സംഭവിക്കുന്നു. യാത്രയുടെ ഒടുവിൽ വാർദ്ധക്യമാണ്. ശാരീരികമായും മാനസികമായും തളരുകയും, സാവധാനം മരണത്തിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നു. ഇതൊരു സ്വാഭാവികമായ പരിണാമമാണ്.

വാർദ്ധക്യത്തിന്റെ സാദ്ധ്യതകളും വെല്ലുവിളികളും മനസ്സിലാക്കാൻ ശ്രമിക്കുന്നത് ഫലപ്രദമായ വ്യായാമമാണ്. മുതിർന്ന പൗരന്മാർ (സീനിയർ സിറ്റിസൺസ്) എന്ന പ്രയോഗം ഈ അടുത്തകാലത്തിന്റെ സംഭാവനയാണ്. വൃദ്ധസമൂഹം എന്ന പ്രയോഗത്തിന് ഒരു പ്രശ്നമാണ്ട്, 'വയസ്സായില്ലേ? ഇനി എങ്ങെനെയെങ്കിലും കഴിഞ്ഞാൽ പോരേ?' കഴിയുക, ജീവിക്കുക ഈ രണ്ടുപദങ്ങൾക്കും തമ്മിൽ വ്യക്തമായ അർത്ഥവ്യത്യാസമുണ്ട്. **'ജീവിക്കുന്നവരുടെ' മനസ്സും ശരീരവും ആരോഗ്യം നിലനിർത്താൻ ശ്രമിക്കും. എങ്ങനെയെങ്കിലും 'കഴിയുന്നവർ' ഉദാസീനരും വൃദ്ധരുമായിത്തീരും.**

ഭാരത്തിൽ ഹെയർഡൈയുടെ വിൽപ്പനയും ഉപഭോഗവും ഈ അടുത്തകാലത്ത് മൂന്നിരട്ടി വർദ്ധിച്ചുവെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. 80 വയസ്സ് കഴിഞ്ഞവരും മുടി കറുപ്പിച്ച് യൗവ്വനം നിലനിർത്താൻ ശ്രമിക്കുന്നു. പ്രായമാകുന്നു എന്ന സത്യം മൂടിവെയ്ക്കാനുള്ള ശ്രമവുമുണ്ട് എന്ന സത്യം മറക്കുന്നില്ല. എന്നാൽ പൊതുവേ പ്രായമാകൽ പ്രക്രിയ എത്രത്തോളം താമസിപ്പിക്കാൻ കഴിയുമോ അത്രയും നല്ലതാണ്.

### ക്രിയാത്മകമായി ജീവിതത്തെ നേരിടണം

ജോലിയിൽ നിന്ന് വിരമിച്ചതിന് ശേഷം പുതിയ കാര്യങ്ങൾ ചെയ്യുന്നത് മാനസിക, ശാരീരിക ആരോഗ്യം നിലനിർത്താൻ സഹായകരമായ നിലപാടാണ്. ചെറുപ്പത്തിൽ നിർത്തിയ ഇഷ്ടപ്പെട്ട കാര്യങ്ങൾ വീണ്ടും ചെയ്യാൻ ശ്രമിച്ചാൽ മനസ്സും ശരീരവും ഊർജ്ജസ്വലമാവും. സംഗീതം, ചിത്രകല, പുസ്തകവായന, സാഹിത്യരചന, പഠനം, സാമൂഹികപ്രവർത്തനങ്ങൾ, വിനോദയാത്രകൾ, കൃഷി, ഗവേഷണം, സുവിശേഷപ്രവർത്തനം തുടങ്ങി മനസ്സിനിഷ്ടമായ കാര്യങ്ങൾ ചെയ്യണം. വിക്റ്റർ ഫ്രാങ്കിളിന്റെ അഭിപ്രായത്തിൽ ജീവിതപ്രേരണയ്ക്ക് മൂന്ന് വിഷയങ്ങളാണ് വേണ്ടത്:

1. Someone to love    2. Something to achieve    3. Something to do

സ്നേഹിക്കാനാരെങ്കിലും വേണം, നേടിയെടുക്കാൻ എന്തെങ്കിലും വേണം, ചെയ്യാൻ എന്തെങ്കിലും വേണം. 60 വയസ്സ് കഴിഞ്ഞ എല്ലാവരും എന്തെങ്കിലും കാര്യങ്ങളിൽ സജീവമാകണം.

യെശയ്യാ 40:30,31 വാക്യങ്ങളിൽ യുവാക്കൾ ക്ഷീണിച്ചുപോകും, എന്നാൽ സർവ്വേശ്വരനെ കാത്തിരിക്കുന്നവർ ശക്തി വീണ്ടെടുക്കും - അവർ ഓടുകയും തളരാതെ നടക്കുകയും ചെയ്യും. മനസ്സിൽ ശുഭകരമായ ചിന്തകൾ കൊണ്ട് നിറയ്ക്കണം. ഓട്ടം തീർന്നിട്ടില്ല, ഇനിയും മുമ്പോട്ട് പോകണം, മറ്റുള്ളവരെ സഹായിക്കണം. ഇനി മരണം മാത്രമേ മുമ്പിലുള്ളൂ എന്ന ലക്ഷ്യം മാറ്റണം. മരണം എപ്പോൾ വേണമെങ്കിലും സംഭവിച്ചോട്ടെ, എന്നാൽ മരിക്കുന്നതുവരെ ഞാൻ ജീവിക്കും എന്ന പ്രതിജ്ഞ ഉണ്ടെങ്കിൽ മരിക്കുന്നതുവരെ ജീവിക്കാം, അല്ലെങ്കിൽ ജീവിച്ചിരിക്കുമ്പോൾ തന്നെ മരിക്കാം. വൃദ്ധരായ യൗവ്വനക്കാരും, യൗവ്വനക്കാരായ വൃദ്ധരും നമ്മുടെ ഇടയിൽ ഉണ്ട്. **എല്ലാവരും എന്നെ സഹായിക്കണം എന്ന ചിന്ത മാറ്റി എനിക്ക് എന്തുചെയ്യാൻ കഴിയുമെന്ന് ആത്മപരിശോധന നടത്തണം.**

മനസ്സിലും ആത്മാവിലും വാർദ്ധക്യം പ്രവേശിക്കാതെ സൂക്ഷിക്കണം. എതെല്ലാം മേഖലകളിൽ അദ്ധ്വാനിക്കാൻ കഴിയുമോ അവിടെയെല്ലാം പരമാവധി നന്മചെയ്യാൻ പരിശ്രമിച്ചുകൊണ്ടേയിരിക്കണം. മൊറാർജി ദേശായി പ്രധാനമന്ത്രിയായത് 82-ാം വയസ്സിലാണ്. മൈക്കിൾ ഏഞ്ചലോ 'അന്ത്യ ന്യായവിധി' എന്ന പ്രസിദ്ധചിത്രം രചിച്ചത് 66-ാം വയസ്സിലാണ്. 60 ഉം 70 ഉം കഴിഞ്ഞാലും കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയും. ആഴമായ ദൈവവിശ്വാസവും ക്രമീകൃതമായ ജീവിതവും വാർദ്ധക്യം സജീവവും അർത്ഥപൂർണ്ണവുമാക്കിത്തീർക്കും.

### തളരുന്നവരെ തളർത്തരുത്

കേരളത്തിലെ ജനസംഖ്യയിൽ അഞ്ചിലൊന്ന് 60 വയസ്സ് കഴിഞ്ഞവരാണ്. ഈ അനുപാതം വർദ്ധിച്ചുവരുന്നു. മെച്ചപ്പെട്ട ആരോഗ്യസംരക്ഷണവും ജീവിത സൗകര്യങ്ങളും ആയുർദൈർഘ്യം വർദ്ധിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് പ്രായമായവരെ സഹായിക്കാൻ യുവാക്കളും മധ്യവയസ്കരും ശ്രമിക്കണം. വൃദ്ധസദനങ്ങൾ കേരളത്തിൽ വർദ്ധിച്ചുവരുന്നു. ഇന്നത്തെ സാമൂഹിക യാഥാർത്ഥ്യങ്ങൾ കണക്കിലെടുക്കുമ്പോൾ ഇത് ഒഴിവാക്കാനാവാത്ത ഒരു പ്രതിഭാസമാണ്. മക്കളും ഇതരകുടുംബാംഗങ്ങളും വിദേശത്തോ മറ്റു സംസ്ഥാനങ്ങളിലോ ജോലിചെയ്യുന്നവരാണെങ്കിൽ ആരോഗ്യം ക്ഷയിച്ച മാതാപിതാക്കൾ ഒറ്റയ്ക്ക് കഴിയുന്നതിനേക്കാൾ സഹായം ലഭ്യമായ കേന്ദ്രങ്ങളിൽ ജീവിക്കുന്നതാണ് നല്ലത്. എന്നാൽ, ഇതൊരു ജീവിതശൈലി ആകുന്നത് അഭികാമ്യമല്ല.

പ്രായമായവരുടെ ഇടയിൽ നടത്തിയ പഠനങ്ങൾ വ്യക്തമാക്കുന്നത് ജീവിതകാലം മുഴുവൻ അദ്ധ്വാനിച്ച് മക്കളെ വളർത്തി വലുതാക്കിയിട്ട് അവർ തിരിഞ്ഞുനോക്കുന്നില്ല എന്ന ചിന്തയാണ് അവരെ ഏറ്റവും കൂടുതൽ വേദനിപ്പിക്കുന്നത്. പ്രായത്തിന്റെ ബലഹീനത വന്നാൽ അവരെ മാനസികമായും ശാരീരികമായും പിന്നെയും തളർത്തുന്ന പ്രവർത്തനങ്ങളിൽ നിന്ന് ഒഴിഞ്ഞ് നിൽക്കണം. വേദപുസ്തകത്തിൽ ദൈവം നൽകിയ 10 കൽപ്പനകളിൽ നിനക്ക് ഭൂമിയിൽ ദീർഘായുസ്സുണ്ടാകാൻ 'നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക' എന്ന കൽപ്പന ഓർക്കാം.

▶

# Know What You Are Looking For

Bejoy Peter

There are two kinds of people.

The first kind love to go window shopping. There is no cost involved in the process. It is aimless wandering. The time spent is utilized just to enjoy the feel of things. There is no serious effort to pay the price and get something in return.

The second group of people are few in number. But they are represented by the man Jesus talked about in one of his parables. "Again, the kingdom of God is like a merchant looking for fine pearls. When he found one of great value, he went away and sold everything he had and bought it." (Matthew 13:45, 46 NIV). This merchant was serious in his pursuit. He knew what he was looking for.

It is good to belong to the category of people the merchant represents. He was passionate about his search. He found one pearl of great value since he was earnest in his search for it. How intense is your search? It cannot be until you are clear about what you want in life. It cannot be unless you know what that gives real and lasting value in life is.

Once the focus is clear, then there is no stopping until the goal is reached. There are no second thoughts about sacrifice. Everything else will be given up for this one thing. People who have this kind of focus are single-eyed in their aim. They allow nothing else to come between them and their goal.

Such a man was Paul whose single aim in life was to know Christ. He wrote from a Roman prison, "I consider everything a loss compared to the surpassing greatness of knowing Christ Jesus my Lord, for whose sake I have lost all things. I consider them rubbish, that I may gain Christ." (Philippians 3:8 NIV).

The key to success in life is to know what you are really looking for and to connect with it by giving up all else. Are you game to do so?

---

▶ വൃദ്ധസദനങ്ങളിൽ താമസിക്കുന്നവരെ മക്കൾ വരുമ്പോഴെങ്കിലും വീട്ടിൽ കൊണ്ടുപോയി കുടുംബാംഗങ്ങളുടെ സ്നേഹവും പരിചരണവും നൽകാൻ ശ്രമിക്കണം. ഒരായുസ്സ് മുഴുവൻ അദ്ധ്വാനിച്ച ശേഷം അവർക്കാരും ഇല്ലാത്ത അവസ്ഥ ഉണ്ടാകരുത്. നാളെ എനിക്കും ഇങ്ങനെയൊരു ജീവിതമുണ്ട് എന്ന് മറക്കരുത്. ഗ്രാമങ്ങളിൽ ഇപ്പോഴും സാധാരണക്കാരുടെയിടയിൽ മാതാപിതാക്കളെ കരുതുന്ന ശീലം അന്യംനിന്ന് പോയിട്ടില്ല. **നിങ്ങൾ നിങ്ങളുടെ മാതാപിതാക്കളെ എങ്ങനെ പരിചരിക്കുന്നുവോ അതാണ് നിങ്ങളുടെ മക്കൾക്കുള്ള മാതൃക.** അവരുടെ മനസ്സിന്റെ സന്തോഷം നമുക്ക് അനുഗ്രഹമാണ്. ■

ലേഖനം

# സഭയുടെ വളർച്ചയിൽ യുവജനങ്ങളുടെ പങ്ക്

റവ. ജെ.എച്ച്. പ്രമോദ്

യൗവ്വനകാലത്തെ പ്രതീക്ഷാനിർഭരമായ ഒരു കാലമായാണ് നമ്മൾ വിലയിരുത്തുന്നത്. ഒരു മനുഷ്യായുസ്സിൽ പൂർണ്ണമായി ശാരീരികമായും, മാനസികമായും പ്രവർത്തനക്ഷമതയുള്ള കാലമാണ് ഇത്. പൊതുവേ 15 മുതൽ 35 വയസ്സുവരെയുള്ള കാലത്തെയാണ് യൗവ്വനകാലമായി കണക്കാക്കിയിരിക്കുന്നത്. ഏറെ ഉത്തരവാദിത്വങ്ങൾക്കും വളർച്ചയ്ക്കും വിധേയപ്പെടുന്ന കാലം. പിൽക്കാലജീവിതത്തിന് നല്ല അടിത്തറ സൃഷ്ടിക്കപ്പെടുന്ന കാലം. ഇവയൊക്കെ കണക്കിലെടുത്തുകൊണ്ട് ക്രിസ്തീയ സഭയുടെ വളർച്ചയിൽ യുവത്വത്തിന്റെ പങ്കിനെക്കുറിച്ച് നമ്മൾ ചിന്തിക്കേണ്ടതാണ്.

സഭ എപ്പോഴും നിലനിന്നതും നിന്നു പോരുന്നതും (നിൽക്കേണ്ടതും) ക്രിസ്തുവിനെ കേന്ദ്രീകരിച്ചാണ്. അപ്പോഴാണ് പാറമേൽ പണിത വീട് എന്ന ആശയത്തിന് ബലം വരുന്നത്. സഭയുടെ വളർച്ചയുടെ ചരിത്രം പരിശോധിച്ചാൽ 'ഞാൻ സഭയെ നന്നാക്കിക്കളയാം' എന്ന ചിന്തയിൽ ആരെങ്കിലും ചെയ്ത കുറേ പ്രവൃത്തികളല്ല സഭയുടെ വളർച്ചയ്ക്കും നിലനിൽപ്പിനും കാരണമായത്. ക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ്പിന് സാക്ഷികളായവരും ക്രിസ്തുവിന്റെ വചനത്താൽ പ്രചോദിതരുമായ ഒരു സമൂഹം പൂർണ്ണവിശ്വാസത്തോടും സമർപ്പണത്തോടും സാക്ഷ്യത്തോടും ചെയ്ത വേലയാലാണ് അത് സംഭവിച്ചത് (അ.പ്ര.2:43-47, 4:32-35). നിരവധിപേർ രക്തസാക്ഷിത്വം വഹിച്ചു.

ഇങ്ങനെ വിപുലമായ ഒരു അടിത്തറയും ചരിത്രവും സഭയ്ക്കുണ്ട്. ക്രിസ്തുവിന്റെ ക്രൂശുമരണവും ഉയർപ്പും ഇന്നും സഭയ്ക്ക് ശക്തിയാണ്. അങ്ങനെയുള്ള സഭയിൽ യുവജനങ്ങളുടെ പങ്ക് പ്രസക്തമാണ്. സഭയുടെ വളർച്ചയിലും വികാസത്തിലും യൗവ്വനശക്തി വളരെയേറെയുണ്ട്. അധികവും നമുക്ക് അറിഞ്ഞുകൂടാത്തവർ. അപ്പോസ്തലന്മാർ, മാനസാന്തരപ്പെട്ട ശൗൽ (പൗലോസ്), തിമോഥെയോസ്, ബർണ്ണബാസ്, അനന്യാസ്, തബീഥ, ശീമോൻ തുടങ്ങിയ പേരുകൾ അവയിൽ ചിലത് മാത്രം. ഇത്തരക്കാരെല്ലാം കഠിനപരീക്ഷകൾ നേരിടുകയും കഷ്ടത സഹിക്കുകയും ചെയ്തു. ഭൗതികതാൽപ്പര്യങ്ങളൊന്നും അവരെ സ്വാധീനിച്ചില്ല.

യുവാക്കൾക്ക് സഭയ്ക്കുള്ളിലും പുറത്തും ആയി ചെയ്യാൻ നിരവധി ശുശ്രൂഷകൾ ഉണ്ട്. കഴിഞ്ഞ അനേകവർഷങ്ങളായി ഒരേ ടൈപ്പിലുള്ള (രീതി/രീതികൾ) പ്രവർത്തനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്. അവയൊക്കെ സഭയുടെ വളർച്ചയെ സഹായിച്ചില്ല എന്ന് ഒരിക്കലും പറയാൻ കഴിയില്ല. സഭയ്ക്കുള്ളിൽ വിവിധ സംഘടനകളിലെ പ്രവർത്തനങ്ങൾ, ക്ലാസ്സുകൾ, ഗായകസംഘം, ഭവനസന്ദർശനങ്ങൾ, ക്രിസ്തുമസ് കരോൾ, കൺവെൻഷൻ, യുവജന ക്യാമ്പ്, മെഡിക്കൽ ക്യാമ്പുകൾ, സാധുക്കൾക്ക് ഭവനംവെച്ച് നൽകുന്ന കാര്യങ്ങൾ, ധനശേഖരണ കാര്യങ്ങൾ, സഭാസംബന്ധമായ വിഷയങ്ങളിലെ ഘോഷയാത്രകൾ/റാലികൾ, ബാന്റ് ട്രൂപ്പ്, മാഗസിൻ പോലെയുള്ളവയുടെ തയ്യാറാക്കൽ, കമ്മറ്റിയിലെ പ്രവർത്തനം, അലങ്കാര വിഷയങ്ങൾ... ഇത്തരം കാര്യങ്ങളിലാണ് സഭയിൽ യുവജനങ്ങൾ പൊതുവേ തങ്ങളുടെ പങ്ക് നിർവ്വഹിച്ചു കൊണ്ടിരിക്കുന്നത്. ഇതിനപ്പുറം എന്തെങ്കിലും മേഖലകളോ അല്ലെങ്കിൽ സാധ്യതകളോ ഉണ്ടോ എന്ന് ഇന്നും കാര്യമായി തിരക്കുകയോ അതിനുള്ള ശ്രമങ്ങൾ നടത്തുകയോ ചെയ്യുന്നതായി കാണുന്നില്ല എന്നതാണ് വാസ്തവം. അതിനാൽ നമുക്ക് പരിചയമുള്ളതും സാധ്യതയുള്ളതുമായ പുത്തൻ കാര്യങ്ങൾ - അവ ശ്രമകരമാണെങ്കിൽപ്പോലും ആവിഷ്കരിച്ച് നടപ്പാക്കേണ്ടിയിരിക്കുന്നു.

എക്കാലത്തെയും പോലെ സഭ അതിന്റെ ഉള്ളിൽ നിന്നും പുറമേ നിന്നും നിര

വധി സമ്മർദ്ദങ്ങൾ നേരിടുന്നു. സഭ ഉപദേശപരമായിട്ടാണ് കൂടുതലും ആക്രമിക്കപ്പെടുന്നത്. **കള്ള ഉപദേശങ്ങൾ ഇന്ന് വ്യാപകമാണ്. ഇതിനെതിരെ ഉറച്ചുനിൽക്കാത്ത വിശ്വാസികളെ ഉറപ്പിക്കാനും യുവാക്കൾക്ക് കഴിയണം.** പൗലോസ് അപ്പോസ്തലൻ മികച്ച മാതൃകയാണ്. പൗലോസിന്റെ മിക്ക ലേഖനങ്ങളും (ഉദാ. കൊരിന്ത്യർ) കള്ള ഉപദേശത്തിനെതിരെയുള്ള മുന്നറിയിപ്പും, ക്രിസ്തുവിന്റെ പഠിപ്പിക്കലിന് അനുസൃതമായുള്ള പഠിപ്പിക്കലുമാണ്. ഈ രീതി ഇന്ന് നമുക്കും സ്വീകരിക്കാവുന്നതാണ്. അതിനായി **ആദ്യം സഭാരീതികൾക്ക് വിധേയമായി വചനപഠനത്തിൽ ശ്രദ്ധാലുക്കൾ ആകേണ്ടത് അത്യന്താപേക്ഷിതമാണ്.**

**ക്രിസ്തുവിനെ രക്ഷകനായി കാട്ടിക്കൊടുക്കുക** എന്നതാണ് സഭയുടെ ദൗത്യം. ആ ദൗത്യത്തിൽ യുവാക്കൾ എത്രത്തോളം പങ്കാളികളായിരിക്കുന്നു എന്ന് വിലയിരുത്തേണ്ടിയിരിക്കുന്നു. ആഘോഷങ്ങളും അതിനോടനുബന്ധിച്ചുള്ള കാര്യങ്ങളും ഈ ലക്ഷ്യത്തിൽ നിന്നും പലപ്പോഴും വഴുതിപ്പോകുന്നു. മോഹനവാഗ്ദാനങ്ങളും ഭൗതിക താൽപ്പര്യങ്ങളും മുൻനിർത്തിയല്ല അക്രൈസ്തവരോട് (അവിശ്വാസിയെ) സമീപിക്കേണ്ടത്. പിന്നെയോ, പാപമോചനവും രക്ഷയും നമുക്ക് ഉറപ്പാക്കിയിരിക്കുന്ന ക്രിസ്തുവിനെ യഥാർത്ഥമായി കാട്ടിക്കൊടുക്കുകയാണ് വേണ്ടത്. അങ്ങനെ **ക്രിസ്തുവിൽ ഉറപ്പുള്ള സമൂഹം** ചേരുമ്പോഴേ യഥാർത്ഥത്തിൽ സഭ വളരുകയുള്ളൂ. ഈ ദൗത്യം നിർവ്വഹിക്കാൻ യുവാക്കൾക്ക് കഴിയണം.

ആത്മാക്കളെക്കുറിച്ച് ഭാരപ്പെടുന്ന ഒരു യുവസമൂഹം സഭയുടെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. പോകുന്നവർ പോകട്ടെ എന്നും സൗകര്യമുള്ളവർ മാത്രം വരട്ടെ എന്ന മട്ടിലെ ഒരു സമീപനം പൊതുവേ ഉണ്ട്. സഭയും ഈ ചിന്തയിൽ നിന്നും വിമുക്തരല്ല. ഓരോ ആത്മാവും ദൈവസന്നിധിയിൽ വിലപ്പെവരാണ്. ലൂക്കോസ് 15-ാം അദ്ധ്യായത്തിലെ യേശുവിന്റെ ഉപമകളും, ഞാൻ നീതിമാന്മാരെയല്ല പാപികളെയത്രേ വിളിപ്പാൻ വന്നത് എന്ന യേശുവിന്റെ വാക്കുകളും, വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയോടും അവളെ ശിക്ഷിക്കാൻ വെമ്പിനിന്ന ജനത്തോടുമുള്ള യേശുവിന്റെ വാക്കുകളും സഖായിയോടുള്ള സമീപനം, ദേവാലയത്തിൽ പ്രാർത്ഥിക്കാൻ പോയ പരീശന്റെയും ചുങ്കക്കാരന്റെയും ഉപമ (ലൂക്കോ 18:9-14)യുമെല്ലാം നഷ്ടപ്പെടാൻ സാദ്ധ്യതയുള്ള ആത്മാക്കളെ വീണ്ടെടുക്കണം എന്ന ദൈവീകവിചാരത്തെയാണ് കാട്ടുന്നത്. ഇന്ന് നൂറുനൂറ് നിയമങ്ങളും നിബന്ധനകളും ഉണ്ടാക്കി അനേകരെ അകറ്റുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്ന പ്രവണതയാണ് കാണുന്നത്. **സ്നേഹിക്കാനും, കരുതുവാനും, ക്ഷമിക്കുവാനും ഉള്ള മനസ്സുമായി ഓരോ യുവാവും മാറേണ്ടത് അത്യാവശ്യമാണ്.**

ഒന്നിന്റെയും പൈതൃകങ്ങൾ അവകാശപ്പെടാതെ ഒരു ശുശ്രൂഷ അല്ലെങ്കിൽ ദൈവനാമ മഹത്വത്തിനായുള്ള പ്രവൃത്തി എന്നുകണ്ട് വളരാനുള്ള മനസ്സ് യുവതലമുറയ്ക്ക് ആവശ്യമാണ്. ഇന്ന് പലപ്രവൃത്തികളുടെ പിന്നിലും ഞാൻ അല്ലെങ്കിൽ ഞങ്ങൾ എന്ന ചിന്ത പ്രകടമാണ്. സഭയുടെ വളർച്ചയെ ഇത് പ്രോത്സാഹിപ്പിക്കുകയില്ല വിഘടിപ്പിക്കാനേ കഴിയൂ. എല്ലാമൊരു ശുശ്രൂഷ എന്ന നിലയിൽ സമീപിക്കണം. സ്വാർത്ഥത വെടിയണം. **'...മറ്റുള്ളവർ ആരംഭിച്ചതിലാണ് നമ്മൾ പണിയുന്നത്. നമ്മൾ ആരംഭിച്ചതിൽ മറ്റുള്ളവർ പണിയും. സഭാ ശുശ്രൂഷ എന്നത് ഒരു കൂട്ടായ പ്രവർത്തനമാണ്. തുടർച്ചയായി നടക്കുന്ന ഈ ശുശ്രൂഷയുടെ മഹത്വം മുഴുവൻ സ്വയം ഏറ്റെടുക്കാതിരിക്കുവാൻ ശ്രദ്ധിക്കുക'** (ബിഷപ്പ് ഡോ. ശാമുവൽ അമൃതം, ക്രൈസ്തവ ദീപിക, 1993 മെയ് ലക്കം, പേജ് 6).

സഭയുടെ വളർച്ചയിൽ യുവാക്കൾക്ക് നിർവ്വഹിക്കാൻ നിരവധി നവതലങ്ങൾ കാത്തിരിക്കുന്നുണ്ട്. കർത്താവിലുള്ള ആശ്രയം, സമർപ്പണം, പ്രാർത്ഥന, വിശ്വാസം ഇവയിലൂടെ ശക്തിപ്പെടുമ്പോഴാണ് അവയെ കണ്ടെത്തുവാനും ഫലപ്രദമായി നിർവ്വഹിക്കുവാനും കഴിയുന്നത്.

*Author: Rev. J.H.Pramod, Zucker Memorial Lutheran Church, Kavadithalakkal, Manikandeswaram P.O., Trivandrum-13*

# ഡിസ്പോസിബിൾ ഗ്രാന്റ് പേരന്റ്സ് ആകാതിരിക്കുക

ഡോ. ശാന്താ യേശുദാസ്
(ശാന്തിദൂത് ഹോസ്പിറ്റൽ, ഊരുട്ടമ്പലം)

ഒക്ടോബർ 1 - ലോക വൃദ്ധദിനം. നമ്മുടെ നാടിന് പ്രായമേറിവരികയാണ്. ദീർഘായുസ്സ് ദൈവാനുഗ്രഹമാണ്. എന്നാൽ വാർദ്ധക്യമോ? നമ്മുടെ രാജ്യത്തെ നിയമമനുസരിച്ച് 60 വയസ്സ് കഴിഞ്ഞവരെയാണ് സീനിയർ സിറ്റിസൺസ് എന്ന പേരിൽ നാം ആദരിക്കുന്നത്. എ.ഡി.2000-മാണ്ടിൽ നമ്മുടെ ജനസംഖ്യയുടെ 10 ശതമാനത്തോളം പേർ മാത്രമേ 75 വയസ്സിന് മുകളിൽ പ്രായമുള്ളവരായി ഉണ്ടായിരുന്നുള്ളൂ. വൈദ്യശാസ്ത്രത്തിന്റെ നൂതനമായ രോഗനിർണ്ണയ മാർഗ്ഗങ്ങൾ, പ്രതിരോധ കുത്തുവെയ്പ്പുകൾ, അവയവങ്ങൾ മാറ്റിവെയ്ക്കൽ ഉൾപ്പെടെയുള്ള ശസ്ത്രക്രിയകൾ, പുതിയ ഔഷധങ്ങൾ, ആരോഗ്യമേഖലയിലെ ബോധവൽക്കരണം എന്നിവയിലൂടെ ഇവിടെ മരണനിരക്ക് കുറഞ്ഞു. വൃദ്ധജനങ്ങളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഈ രീതിയിൽ മുന്നോട്ട് പോയാൽ ഇന്നത്തെ സീനിയർ സിറ്റിസൺസ് 75 വയസ്സിനുമേൽ ജീവിക്കും. ഇന്ന് യുവാക്കളായിരിക്കുന്നവർ 85 വയസ്സെങ്കിലും തികയ്ക്കും. ഇപ്പോൾ കുട്ടികളായിരിക്കുന്നവർ നവതി തികയ്ക്കും. അവരുടെ മക്കൾ 120 വയസ്സുവരെ എങ്കിലും ജീവിക്കും എന്ന് നമുക്ക് പ്രതീക്ഷിക്കാം.

**വൃദ്ധജനങ്ങളുടെ സംരക്ഷണം: ചില യാഥാർത്ഥ്യങ്ങൾ**

വൃദ്ധമാതാപിതാക്കളുടെ പരിചരണം എന്നത് ആധുനിക യുഗത്തിൽ ജീവിക്കുന്ന നമ്മുടെ സവിശേഷ ശ്രദ്ധയെ ആകർഷിക്കുന്ന ഒരു വിഷയമായി മാറിക്കഴിഞ്ഞു. ജീവിതസായാഹ്നം സുന്ദരവും ആഹ്ലാദകരവുമാക്കിത്തീർക്കുന്നതിൽ വൃദ്ധജനങ്ങൾക്കും അവരുടെ പ്രിയപ്പെട്ടവർക്കും ഒരുപോലെ ഉത്തരവാദിത്വമുണ്ട്. ഈ വിഷയത്തിൽ സഭകൾക്കും സമൂഹത്തിനും പ്രത്യേക കടപ്പാടുകളുമുണ്ട്.

വിധവമാരുടെ സംരക്ഷണമാണ് മറ്റൊരു വലിയ സാമൂഹിക പ്രശ്നം. പുരുഷന്മാരുടെ ശരാശരി ആയുസ്സ് 72 വയസ്സും സ്ത്രീകളുടേത് 75 വയസ്സുമാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. കാൽ നൂറ്റാണ്ട് മുമ്പുവരെ നമ്മുടെ നാട്ടിൽ വ്യാപകമായിരുന്ന കൂട്ടുകുടുംബ വ്യവസ്ഥിതി അണുകുടുംബങ്ങൾക്കും സൂക്ഷ്മാണുകുടുംബങ്ങൾക്കും വഴിമാറിയപ്പോൾ വൃദ്ധജനങ്ങൾക്ക് സംരക്ഷണം നൽകിയിരുന്ന ഒരു വലിയ സാമൂഹിക വ്യവസ്ഥിതിയാണ് തകർന്നടിഞ്ഞത്.

ആധുനിക യുഗത്തിൽ ഒരു കുടുംബത്തിൽ ഒന്നോ രണ്ടോ മക്കൾ മാത്രം. അവർ വിവാഹിതരായിക്കഴിയുമ്പോൾ മാതാപിതാക്കൾക്കൊപ്പം ജീവിച്ച് തങ്ങളുടെ കടമകൾ നിർവ്വഹിക്കുന്നതിനേക്കാൾ സ്വാതന്ത്ര്യത്തിന്റെ വായു ശ്വസിച്ച് തങ്ങളുടെ കുടുംബത്തിനൊപ്പം ജീവിക്കുന്നതിനാണ് ഇഷ്ടപ്പെടുന്നത്. അങ്ങനെ അവർ കുടുംബസമേതം ജോലിയുടെ ലഭ്യത അനുസരിച്ച് അയൽസംസ്ഥാനങ്ങളിലോ അയൽരാജ്യങ്ങളിലോ അയൽഭൂഖണ്ഡങ്ങളിലോ ചേക്കേറുന്നു. വൃദ്ധമാതാപിതാക്കൾ ഭവനങ്ങളിൽ അവശേഷിക്കുന്നു. ഈ വൃദ്ധദമ്പതികൾ ഒരാൾ മരണത്താൽ വേർപ്പെടുമ്പോൾ അവശേഷിക്കുന്ന ജീവിതപങ്കാളി മക്കളുടെ മുമ്പിൽ

ഒരു ചോദ്യചിഹ്നമായിത്തീരുന്നു. അങ്ങനെ വാർദ്ധക്യവും അനാഥത്വവും രോഗങ്ങളും ഏകാന്തതയും ഒത്തുചേരുമ്പോൾ 'ആർക്കും എന്നെ വേണ്ടാതായി' എന്ന് വിലപിച്ചുകൊണ്ട് അവരുടെ ദിവസങ്ങൾ തള്ളിനീക്കുന്നു. ഇപ്രകാരം ജീവിക്കുന്നതിൽ ഭൂരിപക്ഷം പേരും വിധവമാരാണ്.

**ഡിസ്പോസിബിൾ ഗ്രാന്റ്പേരന്റ്സ്**

ഉപയോഗം കഴിഞ്ഞ വസ്തുക്കളെ വലിച്ചെറിയുക എന്ന ആധുനിക സംസ്ക്കാരത്തിന്റെ വേലിയേറ്റം നിമിത്തം നമ്മുടെ വൃദ്ധജനങ്ങൾ അനുഭവിക്കുന്ന കണ്ണീരിൽ കുതിർന്ന നിരവധി സംഭവങ്ങൾ നാം ദിവസേന പത്രങ്ങളിലൂടെ അറിയുന്നുണ്ട്. അവശരായി, ഓർമ്മശക്തി നശിച്ച വൃദ്ധജനങ്ങളെ നിർജ്ജനപ്രദേശത്ത് തള്ളിക്കളയുക, ഒറ്റയ്ക്ക് താമസിക്കുന്ന വൃദ്ധകളെ ആക്രമിച്ച് വീട് കൊള്ളയടിച്ച ശേഷം അവരെ കൊലപ്പെടുത്തുക, ചില വലിയ ക്ഷേത്രങ്ങളുടെ പരിസരങ്ങളിൽ ഓരോ വർഷവും ഉത്സവത്തിന് തൊട്ടടുത്ത നാളുകളിൽ നിരവധി വൃദ്ധജനങ്ങളെ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തുക - ഇത്തരം സംഭവങ്ങളിൽ ആരാണ് പ്രതിക്കൂട്ടിൽ? വാർദ്ധക്യത്തിലെത്തിയ മാതാപിതാക്കളോടൊപ്പം താമസിച്ച് അവർക്ക് സാന്ത്വനവും സ്നേഹവും നൽകുക എന്ന ചുമതലയുള്ള മക്കൾ തന്നെയാണ് പ്രതിക്കൂട്ടിൽ. ഇക്കൂട്ടർ ഓർക്കുക, നിങ്ങൾ കുട്ടികൾ ആയിരുന്നപ്പോൾ എത്രയോ രാവുകൾ ഉറക്കമിളച്ച് നിങ്ങളോടൊപ്പം ഇരിക്കുകയും തോളത്ത് കിടത്തി സ്നേഹവായ്പോടെ മോനേ (മോളേ) എന്ന് വിളിച്ച് പാട്ടുപാടി ഉറക്കുകയും ചെയ്ത മാതാപിതാക്കളാണ് ഈ രീതിയിൽ നിങ്ങളുടെ കനിവിനായി യാചിക്കുന്നത്. ഇപ്പോൾ ചുറുചുറുക്കുള്ള യുവാക്കളായ നിങ്ങൾ വാർദ്ധക്യസഹജമായ പ്രശ്നങ്ങളാൽ സ്വയം ശപിച്ചുകഴിയുന്ന മാതാപിതാക്കളോട് ഇപ്രകാരം പെരുമാറിയാൽ വാർദ്ധക്യത്തിൽ നിങ്ങളുടെ മക്കളിൽ നിന്ന് നിങ്ങൾക്ക് ലഭിക്കുന്ന 'ശുശ്രൂഷകളും' ഇതിൽ നിന്ന് വ്യത്യസ്തമായിരിക്കുകയില്ല.

**ജീവിത സായാഹ്നം എങ്ങനെ സുന്ദരമാക്കാം?**

ഇടയ്ക്കിടെ അവധി ദിവസങ്ങളിൽ സായാഹ്നസവാരികൾക്ക് പോകാറുള്ളവരാണല്ലോ നാം. ഇവ ഉല്ലാസപ്രദവും ആശ്വാസദായകവുമാണ്. നമ്മുടെ ജീവിതസായാഹ്നം ഇപ്രകാരം സന്തോഷകരമാക്കിത്തീർക്കാൻ താഴെപ്പറയുന്ന കാര്യം ശ്രദ്ധിക്കുക.

1. **ആരോഗ്യം അതിപ്രധാനം**: ഏതു രോഗം വന്നാലും ഉടൻ ചികിത്സ തേടുകയാണ് വേണ്ടത്. സ്വയം ചികിത്സ പാടില്ല. 'ദൈവം എനിക്ക് ഒരു ദോഷവും വരുത്തുകയില്ല' എന്ന ശുഭാപ്തി വിശ്വാസം മനസ്സിൽ നിറച്ച് രോഗലക്ഷണങ്ങളെ അവഗണിക്കരുത്.

2. **വീഴ്ചകൾ ഒഴിവാക്കുക**: വാർദ്ധക്യത്തിലുണ്ടാകുന്ന വീഴ്ചകൾ ജീവിതത്തെ നരകതുല്യമാക്കുന്നവയാണ്. അതിനാൽ വീഴ്ചകൾക്കെതിരെ ജാഗ്രത പാലിക്കുക. പടിക്കെട്ടുകൾ കയറുമ്പോഴും മിനുസമായ തറയിലൂടെ നടക്കുമ്പോഴും പ്രത്യേക ശ്രദ്ധ വേണം. പടിക്കെട്ടുകൾ കയറുമ്പോൾ കൈവരിയിൽ പിടിച്ച് സാവധാനം കയറുക. സാരി ധരിക്കുന്നവർ പടിക്കെട്ടുകൾ കയറുമ്പോഴും ഇറങ്ങുമ്പോഴും പ്രത്യേകം ശ്രദ്ധിക്കണം. മൂന്നും നാലും നിലകൾ ഒറ്റയടിക്ക് കയറാൻ ശ്രമിക്കരുത്. രാത്രിയിൽ നല്ല പ്രകാശമുള്ള ഒരു ടോർച്ച് കിടക്കയിൽ കരുതിയിരുന്നാൽ രാത്രിയിൽ പവർകട്ടുള്ളപ്പോൾ ഉണ്ടാകാവുന്ന വീഴ്ചകൾ ഒഴിവാക്കാം.

3. **യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കുക**: ദൂരയാത്ര ചെയ്യുന്നവർ കഴിയുന്നത്ര ലഗ്ഗേജ് കുറയ്ക്കുക. റോഡിലൂടെ നടക്കുമ്പോൾ അശ്രദ്ധമായി ആലോചനകളിൽ മുഴുകി നടക്കാതെ റോഡിന്റെ വലതുവശം ചേർന്ന് നടക്കുക. തിരക്കുള്ള കവലകളിൽ റോഡ് മുറിച്ച് കടക്കേണ്ടിവന്നാൽ വളരെ ശ്രദ്ധവേണം, വേണ്ടിവന്നാൽ സഹയാത്രികരുടെ സഹായം തേടുക.

4. **വേഷമാണ് വ്യക്തി**: 'ഈ വയസ്സുകാലത്ത് ഇനി ഒരുങ്ങിനടക്കുന്നത് ആര് കാണാനാണ്?' എന്ന് ചിന്തിച്ച് നല്ല പട്ടുസാരികൾ പോലും പെട്ടിക്കുള്ളിൽ സൂക്ഷിച്ച് ഏതെങ്കിലും സാരിയുടുത്ത് നടക്കുന്ന മുത്തശ്ശിമാർ ധാരാളമുണ്ട്. **മാന്യതയ്ക്കൊത്ത് വൃത്തിയായ വസ്ത്രധാരണം നമ്മുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കും** എന്ന സത്യം മറക്കരുത്.

5. **സാമ്പത്തിക പരാധീനതകൾ ഒഴിവാക്കുന്നതിന് മുൻകരുതൽ വേണം**: വാർദ്ധക്യത്തെ നരകതുല്യമാക്കുന്ന ഒരു പ്രധാനഘടകമായ സാമ്പത്തിക പരാധീനതകൾ ഒഴിവാക്കുന്നതിന് എല്ലാ സ്വത്തുക്കളും മക്കളുടെ പേരിൽ എഴുതിവെയ്ക്കാതെ മരണംവരെ വൃദ്ധജനങ്ങൾക്കും കൂടി അവ ഉപയോഗിക്കത്തക്കവിധത്തിൽ വിൽപ്പത്രം എഴുതുക.

6. **അലസമായ മനസ്സുകൾ ചെകുത്താന്റെ പണിപ്പുരകൾ ആയിത്തീരാതിരിക്കട്ടെ**: എപ്പോഴും 'ആക്ടീവ്' ആയിരിക്കുക എന്നതാണ് വാർദ്ധക്യത്തിൽ ഏറ്റവും പ്രധാനം. മനസ്സിൽ യൗവ്വനം നിലനിർത്തിക്കൊണ്ട് പ്രവർത്തിച്ചാൽ ഏത് പ്രായത്തിലും കർമ്മനിരതരായിരിക്കാൻ സാധിക്കും.

വാർദ്ധക്യകാലത്ത് ഊർജ്ജസ്വലരായി ജീവിക്കാൻ നമുക്ക് ശ്രമിക്കാം. എല്ലാത്തിനുമുപരിയായി നമുക്ക് ദൈവം തന്നിരിക്കുന്ന ദീർഘായുസ്സിനും വാർദ്ധക്യത്തിലെ സന്തോഷത്തിനും രാവിലെയും വൈകുന്നേരവും ദൈവത്തോട് നന്ദി പറഞ്ഞുകൊണ്ട് പേരക്കിടാങ്ങളുടെ ഉത്തമസുഹൃത്തുക്കളായി ജീവിക്കാൻ ശ്രമിച്ചാൽ ജീവിതസായാഹ്നം സുന്ദരമാകും. നരച്ച തല ശോഭയുള്ള കിരീടമായിത്തീരും. ■

## Choir Retreat

The Choir Retreat of this year was conducted at Wayanad. We started from Trivandrum on 12-09-2014, 8:40 pm by train and reached Calicut at 13-09-2014, 6 am. From there we have gone by bus to our accommodation at Sulthan Bethery. There we had our breakfast and after that we visited Edackal Caves and after our lunch we went for drive and shopping. In the evening we had our retreat session led by Rev. CR Vincent at our resort. We also have taken the pledge and a sing song session was there. On sunday Morning we attended CSI St. Thomas Church, Sulthan Bethery and sang special songs in the service. Rev.C.R.Vincent given the sermon for the service. And after that we had our lunch after coming back to our resort. After that we visited Pookode lake and returned to Calicut and then to TVM by train.

**Naveen Sam**
Choir Secretary

# BEWARE OF FAKES AND TRAPS

(Be on guard; I have told you all things beforehand. Mk.13:23)

D.L. Nesaraj

God has given us several warnings in the Bible about false teachers, false doctrines, false prophets and even false christs so that we may not fall into their traps.

Mt.7:15 warns us of "false prophets who come to you in sheep's clothing but inwardly are ravenous wolves". Mt.24: 11 and 1Jn.4:1 also caution us about false prophets. 2Peter 2:1 alerts us against false teachers who will secretly bring destructive heresies.St. Paul appeals to Romans to watch out for those who cause divisions and create obstacles contrary to the doctrine that they have been taught (Rom. 16:17). In 1Tim.1:3 we see that St. Paul urged Timothy to remain in Ephesus to ensure that false doctrines are not taught. Jesus himself told His disciples that false christs and false prophets will arise and perform signs and wonders to lead astray, if possible, the elect (Mk.13:22).

All these and many other passages tell us that the devil will be employing his 'duplicate' technique to deceive Christians so as to defeat God's ultimate purpose of salvation. We may not be able to see any difference between the false ones and the real ones outwardly. Sometimes the fake may even excel the real that we, the common laity may not suspect any fraud. Even if we feel a little suspicion, we may not be able to discern which is genuine and which is fake. The only solution for this problem is a close study of the Word. Jesus' weapon against the devil was the Scriptures and the Apostles have urged us to be nourished with the Word (1Pt.2:2). St. Paul admonishes us to take the sword of the Spirit, which is the word of God so that we may "withstand in the evil day" (Eph. 6:13-17). Therefore dear brethren, these days, more than ever, we need to sit with the word of God prayerfully so that the Holy Spirit would lead us through the right ways and show us the spiritual truth.

In the sixties and seventies conventions and crusades were rare in our city, and there were only a few world famous preachers like Oral Roberts, Billy Graham and Richard Wurmbrand. Now, not a day passes without some conventions somewhere, and among the numerous preachers we have self-styled Pastors, Reverends, and Bishops also. This can be understood as fulfilment of the prophecy in Joel 2:28. But if we examine the lives of these preachers, not all of them will be found practicing what they preach. Some even manipulate the Gospel according to their convenience for pleasing the audience. Acts 17:11 says that the Jews in Berea "received the word with all readiness and searched the Scriptures daily to find out whether these things were so". This practice is

badly needed these days. Controversial teachings like 'prosperity gospel' and 'grace community' are confusing Christians today. As long as there are people without proper food, clothing and a roof over their head in our society, how can a Christian - who loves his neighbor as himself - live in comfort and prosperity? Moreover, Jesus wanted us to take up our cross daily, and also to choose the narrow way. The saints of yester years sang of a life, free from all trouble, toil and care, in their heavenly home, and not here. Jesus promised us the reward for our worldly sufferings when He comes again. However, we have His word that all our needs will be taken care of, and that His grace will strengthen and comfort us as we pass through the troubles. This is the unique secret of Christian life.

Then there is the 'Grace Community', trying to convince people that once a person is saved through the blood of Christ, he is a new creature; and because Christ is living in him, he cannot sin. Whatever that person does, is done by Christ, and not by him (meaning, he is not responsible for his actions)! Alas! The proponents of this theory are also having many followers!

Many of us might have noticed that the religious sect known as Jehovah's Witnesses (JW) are on the prowl in our city. Their house to house campaign is progressing fast under the guise of evangelization, misleading many Christians. Their objective is to win over "if possible, the elect" as written in Mk.13:22. Though there is sufficient information regarding their teachings in the internet, most of us might not have gone through the same. So we may not be equipped to counter their arguments when they approach us. As the result many are likely to fall a prey to their perverted teachings.

JWs do not accept Jesus Christ as God. According to them, Jesus is God's creation. (In 2Peter.2:1, St. Peter had already warned us of the false teachers who will secretly bring in destructive heresies, even denying the Lord that bought them, bringing upon themselves swift destruction). The JWs also question the doctrine of Trinity. According to them, God the Father is the only God. They try to prove that evil souls are not tormented forever in hell. These are only a few of their heretic teachings. The JWs will not directly put forward these false doctrines lest we shun them. Instead they tactfully begin with Biblical teachings which all of us agree with, and then gradually lead us astray with the help of some verses quoted out of context or with misinterpretation. Because they start their conversation cautiously in a humble, soft and loving manner, no one will feel like rejecting them. Hence let us be watchful against such people and examine their arguments in the light of the Scriptures lest we be deceived.

So, dear fellow believers, listen to the voice of Jesus, as recorded in St. Mark. 13:23 - "But be on guard; I have told you all things beforehand". ■

# Grand Parents and Grandchildren

V. Justin

Children of parents who know discipline,
And who practice discipline in daily life,
Teach children discipline at the right time,
Love and respect parents and grand parents!

When the mother fails in her family duties
The children grow up quite indifferently,
Without discipline and obeying nobody!
They push grand parents to a tight corner!

When the grand parents try to advise them
They turn a deaf ear and dislike them!
When the grand parents don't advise them
The indifferent grand children like them!

When such grand parents enter the house
Discipline flies out, and children feel happy!
The teenagers hate the good grand parents
Who try to cultivate discipline for their good!

Because grand parents love grand children
They strictly advise them when on wrong path
But, the disobedient grand children hate them,
Not knowing that such advice is for their good!

Grandmas are much experienced mothers
Who can give the teenagers the proper advice!
But, grand children think they know better!
Good grand parents are priceless gift to them!

I had good fortune to have good parents and
Priceless grand mothers from whom I learned
Many good things in childhood and school days
That groomed me for a contented, happy life!

I feel it's my duty to give teenagers living in
The millennium of computers and cell phones
My humble advice as a good grand father
To welcome the good advice of grand mothers!

Those advices may be sour in your teenage,
But, you will realize one day that those advices
Were really useful to escape from grave troubles
And to lead an intelligent, sweet and happy life!

Grandmas give advice to their grand children
Because they love their grand children so much!
Grandmas are mother of your mother or father, and
Passing time with you make them young and happy!

# The Rebirth

JULIET JOSEPHUS

Years of bondages,addictions,vices,
When in the company of unruly lot,
Years were lost in worthless cause,
Useful neither to kith or kin.

Such was my life,God-forgotten,it was,
A sorrow to parents,shame to the rest;
I cared not what others thought,
My foremost thought to enjoy life.

My youth upward,I sinned against My God,
Unmindful of the gravity of sin;
Then a Christian friend took me,
Seemed like a place out of this world.

These people were not like the ones I knew,
Love and kindness like a stream did flow,
Learned about a Saviour there,
How He died on the Cross for me.

Music and worship filled the very air,
Exalting the Creator of this world,
I raised my hands ,joined the praise,
Something gnawed my inner being.

Tears of repentance trickled down my cheeks
Strange encounter with the 'ternal Spirit;
Never had I felt this way,
In brokeness,I cried to God.

I invited Jesus into my heart,
Now washed white with the Blood of Jesus Christ,
My sins are all washed away,
A new person in Christ I am.

"By Thee I have been sustained from my birth,
Thou the One who took me from my mother's womb,
I shall praise Thee forever,
Thou art My strong Refuge, O Christ.

ലേഖനം

# പ്രത്യാശയുടെ നാളുകൾ

**ഡോ. വില്യം ജോൺ**
മലയിൻകീഴ്

ക്രിസ്തീയ ജീവിതത്തിലെ ഏറ്റവും പ്രത്യാശയുടെ കാലഘട്ടമാണ് വാർദ്ധക്യം. ജീവിതത്തിലെ എല്ലാ അനുഭവങ്ങളും അയവിറക്കി ദൈവം നൽകിയ അനുഗ്രഹങ്ങളെയും നന്മകളെയും ഓർത്ത് ദൈവത്തെ സ്തുതിച്ച് ജീവിക്കുവാൻ ദൈവം നൽകിയ സമയം. ദീർഘവർഷങ്ങളിലെ കഷ്ടതയുടെയും കണ്ണുനീരിന്റെയും അനുഭവങ്ങൾ അവസാനിപ്പിച്ച് കഷ്ടതയില്ലാത്ത, കണ്ണുനീരില്ലാത്ത ഒരു ജീവിതത്തിലേക്ക് ദൈവം വിളിക്കുന്നത് കാതോർത്ത് പ്രത്യാശയോടെ ജീവിക്കുവാൻ ലഭിക്കുന്ന അവസരം. എന്നാൽ ഇന്ന് ഈ പ്രത്യാശയും സന്തോഷവും സമാധാനവും ഒന്നും പലരുടെയും ജീവിത്തതിൽ ഇല്ല - പകരം പിരിമുറുക്കവും ആശങ്കയും പിറുപിറുക്കലുകളും പേടിയുമൊക്കെയാണ്. വിവിധങ്ങളായ പ്രശ്നങ്ങളുടെ മധ്യത്തിൽ ആകുലപ്പെടുന്നവരാണ് അധികവും.

വാർദ്ധക്യത്തിലെത്തിയവരുടെ ഏറ്റവും വലിയ പ്രശ്നം ജീവിതത്തിലെ ഏകാന്തതയാണ്. ജീവിതപങ്കാളി കൂടി നഷ്ടപ്പെട്ട അവസ്ഥയിലാണെങ്കിൽ അത് ഇരട്ടിയാകും. മക്കൾക്ക് വേണ്ടി ജീവിച്ച് ഒടുവിൽ മക്കളെല്ലാം നല്ല നിലയിലായപ്പോൾ അവർ വിദേശങ്ങളിലേക്ക് പറന്നുപോയി. മക്കളുടെ സാമീപ്യം ഫോണിലൂടെയും ഇന്റർനെറ്റിലൂടെയും മാത്രമാകുമ്പോൾ മനസ്സ് പതറിപ്പോകുന്നതിൽ അത്ഭുതമില്ല. വാർദ്ധക്യത്തിൽ വലിയ വീട്ടിൽ വളർത്തുനായ്ക്കളുമൊത്ത് ജീവിതകാലം കഴിക്കേണ്ടിവരുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരികയാണ്. ശാരീരികമായ ബലഹീനതകളും രോഗങ്ങളും നിമിത്തം പി.എസ്.സി ടെസ്റ്റുകളുമായി കഴിയുന്നവർക്ക് (പ്രഷർ, ഷുഗർ, കൊളസ്ട്രോൾ) മനസ്സ് ചെല്ലുന്നിടത്ത് കൈകളും കാലുകളും എത്തുന്നില്ല എന്നതാണ് പരാതി. വൃദ്ധസദനങ്ങളും പകൽവീടുകളും ഇന്ന് കുടിൽ വ്യവസായം പോലെ പൊട്ടിമുളയ്ക്കുകയാണ്. ഒരു പരിധിവരെ ധനാഢ്യർക്ക് ഇത് ആശ്വാസപ്രദമാണ്. എങ്കിലും ഈ ശുശ്രൂഷയും കച്ചവടപരിധിയിലേയ്ക്ക് കടക്കുകയാണ്. ഇവിടെയും സാധാരണക്കാരനും പാവപ്പെട്ടവനും അവഗണിക്കപ്പെടുകയാണ്.

ദീർഘമായ ദൈവവചനങ്ങളോ ഉപദേശങ്ങളോ നമുക്കാവശ്യമില്ല. അതെല്ലാം ധാരാളം കണ്ടുംകേട്ടും മടുത്തവരാണ് നമ്മൾ. അതിനാൽ രണ്ട് കുടുംബങ്ങളെ പരിചയപ്പെടുത്താൻ ശ്രമിക്കുകയാണ്. രാജൻ സാറും തോമസ് അച്ചായനും സുഹൃത്തുക്കളാണ് അയൽവാസികളും. രണ്ട്പേരും അദ്ധ്യാപകർ. രാജൻ സാർ സ്കൂൾ അദ്ധ്യാപകനാണെങ്കിൽ അച്ചായൻ ഒരു കോളേജ് പ്രൊഫസർ. ഒരേ ഇടവകയിലെ അംഗങ്ങളാണ് രണ്ടുപേരും. രാജൻസാറിന്റെ ഭാര്യ മരിച്ചിട്ട് 7 വർഷമായി. മൂന്ന് പെൺകുട്ടികൾ. അച്ചായനും രണ്ട് പെൺകുട്ടികൾ. അച്ചായന്റെ ഭാര്യ താലൂക്കാശുപത്രിയിലെ നേഴ്സാണ്. സന്തുഷ്ട കുടുംബങ്ങൾ. ഒരു കാര്യത്തിൽ മാത്രമാണ് അവർ തമ്മിൽ ചെറിയ വ്യത്യാസമുള്ളത്. ധനം സമ്പാദിക്കുന്ന കാര്യത്തിൽ അച്ചായൻ മിടുക്കനാണ്. അധികമൊന്നും ചിലവഴിക്കാതെ മക്കൾക്ക് വേണ്ടി സമ്പാദിക്കുന്നവൻ. നല്ല ഭൂസ്വത്തും ബാങ്ക് ബാലൻസുമൊക്കെയുണ്ട്. തന്റെ സ്റ്റാറ്റസിലുള്ളവരുമായിട്ടാണ് കൂടുതൽ ചങ്ങാത്തം.

എന്നാൽ രാജൻ സാർ നേരെ മറിച്ചും. പാവപ്പെട്ട കുഞ്ഞുങ്ങൾക്ക് സൗജന്യട്യൂഷൻ കൊടുക്കുവാനും സ്കൂളിൽ ആവശ്യമുള്ള കുഞ്ഞുങ്ങളെ സഹായിക്കാനും

മടിയില്ലാത്തവൻ. രണ്ടു വീടുകളിലെയും മക്കളെയെല്ലാം വിവാഹം കഴിച്ചയച്ചു. അവരെല്ലാം വിദേശങ്ങളിലും കേരളത്തിനു പുറത്തുമായി നല്ല നിലകളിൽ സന്തോഷത്തോടെ ജീവിക്കുകയാണ്. അച്ചായനും അമ്മാമ്മയും റിട്ടയർമെന്റിന് ശേഷം ഒരു വലിയ വീട്ടിൽ ഒച്ചയും അനക്കവും ഒന്നുമില്ലാതെ ഏകാന്തതയുടെ വീർപ്പുമുട്ടലിൽ കഴിയുന്നു. അധികം പുറത്തിറങ്ങാൻ കഴിയാത്ത ചില വാർദ്ധക്യസഹജമായ രോഗങ്ങളും. മക്കളുടെ ഫോൺ വിളികളും പേരക്കുഞ്ഞുങ്ങളുടെ വീഡിയോ ആൽബങ്ങളുമായി കഴിയുകയാണ്.

മക്കളെ കല്യാണം കഴിപ്പിച്ച് ദൂരെ അയച്ചിട്ടും രാജൻ സാറിന്റെ സന്തോഷത്തിന് ഒട്ടും കുറവില്ല. സൗജന്യമായി കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നതിനാൽ അതിന്റെ സന്തോഷവും കുഞ്ഞുങ്ങളുടെ സ്നേഹവും വാത്സല്യവുമൊക്കെ മതിവരുവോളം അനുഭവിച്ച് തന്റെ വാർദ്ധക്യം ആസ്വദിക്കുകയാണ് രാജൻ സാർ. പലപ്പോഴും വീട്ടിൽ പാചകം ചെയ്യുവാൻ പോലും പഠിക്കുവാൻ വരുന്ന കുഞ്ഞുങ്ങളുടെ രക്ഷാകർത്താക്കൾ അനുവദിക്കാറില്ല. മാത്രമല്ല, രാത്രി പഠിക്കുന്ന ചില മുതിർന്ന ആൺകുട്ടികൾ പഠനം കഴിഞ്ഞ് രാത്രിയിൽ കിടന്നുറങ്ങുന്നതുപോലും സാറിന്റെ വീട്ടിലാണ്. അതിനാൽ രാത്രിയിലും സാറിന് നല്ല കൂട്ടുണ്ട്. ഉറക്കവും ആശ്വാസവും കിട്ടുന്നു.

ഇതിൽ നമ്മൾ രാജൻ സാറിനെപ്പോലെയാണോ, അതോ തോമസ് അച്ചായനെപ്പോലെയാണോ. സ്റ്റാറ്റസ് നോക്കി സ്നേഹിക്കാൻ ശ്രമിക്കരുത്. നമ്മെക്കാൾ എളിയവരെ സ്നേഹിക്കുവാനും ആദരിക്കുവാനും കരുതുവാനുമാണ് യേശു നമ്മെ പഠിപ്പിച്ചത്. സമൂഹം തള്ളിക്കളഞ്ഞ ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതനായിരുന്നു യേശു. അവൻ ദൈവത്തോടുള്ള സമത്വം മുറുകെപിടിക്കാതെ പാപികളോടൊത്ത് പാർക്കുവാൻ വന്നവനാണ്. നമ്മുടെ ജീവിതത്തിലും ഇത് പ്രായോഗികമാകണം.

**ക്രിസ്തീയ ജീവിതം കുറേ തത്വങ്ങൾ പഠിക്കാനുള്ള ജീവിതമല്ല. മറിച്ച് പ്രായോഗികമായി ജീവിക്കുവാനുള്ളതാണ്.** അതുകൊണ്ടാണ് യോഹന്നാൻ സ്നാപകൻ മാനസാന്തരപ്പെടുവാൻ തന്റെ അരികിൽ വന്നവർക്ക് ചില പ്രായോഗിക ജീവിതനിർദ്ദേശങ്ങൾ നൽകുന്നത്. നിന്റെ കൈയ്യിൽ അപ്പമുള്ളപ്പോൾ നിന്റെ അപ്പത്തെ വെള്ളത്തിന്മേൽ എറിയുക. വർഷങ്ങൾക്ക് ശേഷം അത് നിനക്ക് തിരികെ ലഭിക്കും.

സ്നേഹം ഒരു വിത്താണ്. വിതയ്ക്കുവാനുള്ള വിത്ത്. വിതയ്ക്കുവാൻ നിനക്ക് കഴിവുള്ളപ്പോൾ ഒരുക്കപ്പെട്ടിരിക്കുന്ന (ആവശ്യത്തിലിരിക്കുന്ന) നല്ല നിലത്ത് അത് വിതയ്ക്കുക. അത് നഷ്ടമാവുകയില്ല. വിതയ്ക്കുന്നത് മുളച്ചുവളരും. അത് ഫലം തരും. വിതച്ചാൽ മാത്രമേ കൊയ്യുവാൻ കഴിയൂ. **കഴിവുള്ളപ്പോൾ - ചെറുപ്പകാലത്ത് - ആരോഗ്യമുള്ളപ്പോൾ സ്നേഹത്തിന്റെ വിത്തുകൾ ആത്മാർത്ഥമായി വിതയ്ക്കുന്നവർക്ക് വാർദ്ധക്യകാലത്ത് പതിന്മടങ്ങ് സ്നേഹം വിവിധ മുഖാന്തരങ്ങളിൽക്കൂടി ശേഖരിക്കുവാൻ കഴിയും** - ഓർക്കുക 'വിതയ്ക്കാതെ കൊയ്യുവാൻ ശ്രമിക്കരുത്'.

ആരും എന്നെ സ്നേഹിക്കുന്നില്ല, എനിക്കാരുമില്ല എന്ന പരാതി നിങ്ങൾക്കുണ്ടെങ്കിൽ ഓർക്കുക - നിങ്ങളിലൂടെ ദൈവീക സ്നേഹം ആർക്കും ലഭിച്ചിട്ടില്ല എന്നതും ഓർക്കുക. കൂടാതെ സകലതും ദൈവകരങ്ങളിൽ ദൈവഹിതത്തിനായി വിശ്വാസത്തോടെ വിട്ടുകൊടുക്കുക. നമ്മൾ ദൈവത്തിന്റെ മക്കളായി തീർന്നിട്ടുണ്ടെങ്കിൽ ദൈവം സകലതും നന്മയ്ക്കായി കരുതുന്നവനാണ്. ആ ദൈവത്തെ പൂർണ്ണമായും മുറുകെപിടിക്കുക. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

■

# വാർദ്ധക്യവും ചില യാഥാർത്ഥ്യങ്ങളും

ഇ. സൈറസ്

*ഈ വർഷത്തെ ലോകവയോജന ദിനത്തോടനുബന്ധിച്ച് മുതിർന്ന പൗരന്മാരുമായി ചില ചിന്തകൾ പങ്കുവെയ്ക്കട്ടെ.*

1. **വാർദ്ധക്യം ശൈശവസമാനമല്ല**: ശൈശവം വാർദ്ധക്യത്തോട് ഏറെ സമാനതകളുള്ള പ്രായം എന്ന് പറയുന്നത് ഒരർത്ഥത്തിൽ ശരിയായിരിക്കാം. എന്നാൽ ശൈശവം വളർച്ചയുടെ കാലഘട്ടവും വാർദ്ധക്യം വളർച്ച മുരടിച്ച കാലഘട്ടവും എന്ന വ്യത്യാസമുണ്ട്. ശിശുക്കളുടെ മനസ്സിന് സമമല്ല വൃദ്ധജനങ്ങളുടെ മനസ്സ്. അവർ ദൃഢചിത്തരായിരിക്കും. ഈ മനസ്സുറപ്പിനെ ദുർബ്ബലപ്പെടുത്താതെ സൂക്ഷിക്കേണ്ടത് നമ്മുടെ കടമയും ഉത്തരവാദിത്ത്വവുമാണ്. ചില വൃദ്ധജനങ്ങളിൽ കാണുന്ന ഒരു സ്വഭാവമാണ് നിർബ്ബന്ധ ബുദ്ധി. ഇത് ശിശുക്കളിലും കാണുന്ന സ്വഭാവം തന്നെ. വൃദ്ധജനങ്ങൾ പക്വതയുള്ളവരായതിനാൽ നിർബ്ബന്ധസ്വഭാവത്തിന് വ്യത്യാസം വരുത്താൻ സാധിക്കും. കാലത്തിന്റെ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് മനുഷ്യനന്മയ്ക്ക് വേണ്ടി പ്രവർത്തിച്ച് ശേഷിക്കുന്ന വാർദ്ധക്യകാലം സന്തോഷപ്രദമാക്കാൻ ശ്രമിക്കാം.

2. **വാർദ്ധക്യം രോഗമല്ല... അവസ്ഥയാണ്**: വാർദ്ധക്യമാകുമ്പോൾ ശരീരത്തിൽ സംഭവിക്കുന്ന മാറ്റങ്ങൾ നിമിത്തം രോഗങ്ങൾ ഉണ്ടാകും. അതിനെ അതിജീവിക്കാനുള്ള ആത്മശക്തിയും (ദൈവീകശക്തി) മന:ശ്ശക്തിയും സംഭരിച്ച് മുന്നോട്ട് പോവുകയാണ് വേണ്ടത്. വൃദ്ധജനങ്ങളെ ബോധവാന്മാരാക്കുകയും ആത്മീകശക്തിയും മാനസികശക്തിയും പരിപോഷിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിച്ച് ധൈര്യപ്പെടുത്തേണ്ടത് നമ്മുടെ കടമയാണ്. വാർദ്ധക്യത്തിലേക്ക് പ്രവേശിക്കുമ്പോൾ ഉള്ള ശാരീരിക സുഖങ്ങൾ അതുപോലെ നിലനിർത്താൻ ശ്രമിക്കണം. കൃത്യസമയത്ത് എഴുന്നേൽക്കുക, കൃത്യമായി പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുക, ആവശ്യത്തിനുള്ള വ്യായാമം ചെയ്യുക, കൃത്യഅളവിലും സമയത്തും ഭക്ഷണം കഴിക്കുക, ആവശ്യത്തിന് വിശ്രമം എടുക്കുക എന്നിവ ദിനചര്യയുടെ ഭാഗമാക്കാം. ചെറിയ ചെറിയ അസ്വസ്ഥതകൾ വരുമ്പോൾ ഡോക്ടറെ കാണുകയും നിർദ്ദേശങ്ങൾ അതേപടി അനുസരിക്കുകയും ചെയ്യുന്നത് നന്നായിരിക്കും. അസ്വസ്ഥകൾ വന്നാലും ഇല്ലെങ്കിലും ക്രമമായ വൈദ്യപരിശോധനകൾ നടത്തി പൂർണ്ണആരോഗ്യസ്ഥിതി ഉറപ്പുവരുത്തേണ്ടതാണ്.

3. **വൃദ്ധജനങ്ങൾ എപ്പോഴും സന്തോഷത്തോടും ഒരുക്കത്തോടും ആയിരിക്കാം**: മക്കൾക്ക് അവരുടെ ജോലി അവരുടെ മക്കളുടെ വിദ്യാഭ്യാസം എന്നീ കാരണങ്ങളാൽ വൃദ്ധമാതാപിതാക്കളോടൊപ്പം താമസിക്കുന്ന കാര്യം പ്രായോഗികം അല്ല. എന്നാൽ മാതാപിതാക്കൾക്ക് എഴുന്നേറ്റ് നടന്ന് സ്വന്തകാര്യങ്ങൾ ചെയ്യാനുള്ള ആരോഗ്യമുള്ള കാലം അവരെ കൂടെ താമസിപ്പിക്കാൻ നിർബ്ബന്ധിക്കരുത്. കൂടെ താമസിക്കാൻ വന്നില്ല എന്ന കാരണത്താൽ മാതാപിതാക്കളെ അന്വേഷിക്കുന്ന കാര്യത്തിൽ ഒരു കുറവും വരുത്താൻ പാടില്ല. നേരിട്ട് പോയി കാര്യങ്ങൾ അന്വേഷിക്കാൻ സാധിച്ചില്ല എങ്കിൽ ടെലിഫോണിൽ കൂടിയെങ്കിലും സുഖവിവരങ്ങൾ തിരക്കി ആവശ്യമുള്ള പക്ഷം ഡോക്ടറെ കാണാൻ നിർദ്ദേശി

ക്കുകയോ അതിനുള്ള സാഹചര്യം ഇല്ല എങ്കിൽ ഡോക്ടറെ കാണിക്കുകയോ ചെയ്യേണ്ടതാണ്. എന്നാൽ ജീവിതപങ്കാളി നഷ്ടപ്പെട്ട വൃദ്ധജനങ്ങൾ ഒരുകാരണ വശാലും ഒറ്റയ്ക്ക് താമസിക്കാൻ പാടില്ല. കാരണം, ദൈവം വിളിക്കുന്ന സമയം ആർക്കും അറിയാൻ സാധ്യമല്ലല്ലോ.

വൃദ്ധമാതാപിതാക്കൾക്ക് രണ്ട് മക്കളുണ്ടെങ്കിൽ രണ്ടുപേരും കൂടെ മാതാപിതാക്കളെ വീതംവയ്ക്കരുത്. രണ്ടുമക്കൾക്കും നിർബ്ബന്ധമായും മാതാപിതാക്കളെ തങ്ങളുടെ കൂടെ താമസിപ്പിക്കണം എന്നുണ്ടെങ്കിൽ അവരുടെ സമ്മതത്തോടു കൂടി രണ്ടുവീട്ടിലും മാറിമാറി താമസിപ്പിക്കാനുള്ള ക്രമീകരണങ്ങൾ ചെയ്യണം. മാതാപിതാക്കൾ ഒരുകാര്യം മനസ്സിലാക്കുന്നത് നല്ലതാണ് - **അവശതകൾ പിടികൂടാത്ത നല്ല കാലഘട്ടത്തിൽ അവരുടെ സമയവും കഴിവുകളും മക്കൾക്കും മരുമക്കൾക്കും ചെറുമക്കൾക്കുമായി സന്തോഷത്തോടും സ്നേഹത്തോടും വിനിയോഗിക്കുമെങ്കിൽ അവശത അനുഭവിക്കുന്ന കാലഘട്ടത്തിലും വാർദ്ധക്യത്തിലും അവരിൽ നിന്നും അതേ നാണയത്തിൽ തിരിച്ചു ലഭിക്കും നിശ്ചയം.**

4. **ജീവിതപങ്കാളി നഷ്ടപ്പെട്ട വൃദ്ധജനങ്ങൾ**: ജീവിതപങ്കാളി നഷ്ടപ്പെട്ടാൽ ഒരു ഏകാന്തത അനുഭവപ്പെട്ടു എന്നുവരാം. ഈ ഏകാന്തതയെ തരണം ചെയ്ത് മുന്നോട്ടുപോകേണ്ടത് ഒരു ദൈവപൈതലിന്റെ നിയോഗമാണെന്നറിയണം. ഇങ്ങനെയുള്ളവർ സ്വന്തഭവനം വിട്ടുപോകാൻ വിസമ്മതിക്കുന്നതിന് കാരണങ്ങൾ - നല്ലകാലത്ത് സന്തോഷത്തോടുകൂടി ജീവിച്ച ഭവനം, ജീവിതപങ്കാളി വിട്ടുപിരിഞ്ഞ ഭവനത്തിൽ കിടന്നു മരിക്കണം എന്ന ആഗ്രഹം. ഈ രണ്ട് ആഗ്രഹങ്ങളും നിശ്ചയമായും ഒഴിവാക്കണം. നല്ല കാലത്ത് സന്തോഷത്തോടുകൂടി ജീവിച്ച ഭവനം ഒരു ദൈവപൈതലിന്റെ സ്വന്തഭവനമല്ല. നാം നിത്യതയിൽ വസിക്കേണ്ടവരാകുന്നു. മറ്റൊന്ന്, നാം മരിക്കുന്നത് ഭവനത്തിൽ വച്ചാണോ, ആശുപത്രിയിൽവെച്ചാണോ, വഴിയിൽ വെച്ചാണോ എന്നുള്ളത് ദൈവത്തിന് മാത്രമേ അറിയൂ.

വാർദ്ധക്യത്തിൽ പരസഹായം ആവശ്യമായ സന്ദർഭങ്ങൾ ഉണ്ടാകും. ഇങ്ങനെയുള്ള സന്ദർഭങ്ങളിലാണ് മക്കൾ വീട്ടിൽ ജോലിക്കാരെ ഏൽപ്പിച്ചിട്ട് അവരുടെ ജോലികൾക്കായി പോകുന്നത്. ഇങ്ങനെയുള്ള ഒരു വീട്ടിൽ ദേവാലയത്തിലെ പുരോഹിതൻ തന്റെ ഭവനസന്ദർശനവേളയിൽ വൃദ്ധമാതാവ് കട്ടിലിനരികിൽ കസേരയിൽ ഇരിക്കുന്നതാണ് കണ്ടത്. ജോലിക്കാരി സമീപത്ത് തന്നെയുണ്ട്. മാതാവിനെ കസേരിയിൽ നിന്ന് പിടിച്ചെഴുന്നേൽപ്പിച്ച് കട്ടിലിന്മേൽ കിടത്തുന്നതിന് ജോലിക്കാരിക്ക് വേറൊരാളിന്റെ സഹായം കൂടാതെ സാദ്ധ്യമല്ല. ഈ സാഹചര്യം മനസ്സിലാക്കിയ പുരോഹിതൻ മാതാവിനെ കസേരയിൽ നിന്നെഴുന്നേൽപ്പിച്ച് കട്ടിലിൽ കിടത്തുന്നതിന് സഹായിച്ചു. ഇവിടെ മാതാവിനെ ശുശ്രൂഷിക്കാൻ രണ്ടുപേരുടെ സേവനം ചിലസന്ദർഭങ്ങളിൽ ആവശ്യമാണ്. രണ്ടുപേരെ ജോലിക്ക് നിർത്താനുള്ള സാമ്പത്തികശേഷി മക്കളിൽ എല്ലാവർക്കും ഉണ്ടായെന്ന് വരില്ല. ഇങ്ങനെയുള്ള സന്ദർഭങ്ങളിലാണ് വൃദ്ധസദനങ്ങളുടെ ആവശ്യകത മനസ്സിലാക്കേണ്ടത്. ഇവിടെ കൂട്ടായ്മ, സ്നേഹത്തോടുകൂടിയുള്ള പരിചരണം, സമയത്ത് ആരോഗ്യത്തിന് ആവശ്യമായ ഭക്ഷണങ്ങൾ എന്നിവ ലഭ്യമാകും.

ഇക്കാര്യത്തിൽ നമ്മുടെ സഭ നടത്തിവരുന്ന **പകൽവീട്** - പകൽസമയത്ത് മാത്രം അതിന്റെ പ്രവർത്തനം പരിമിതപ്പെടുത്താതെ രാത്രിയിലും പകലിലും സംരക്ഷണം നൽകുന്ന വൃദ്ധസദനമായി മാറ്റിയാൽ ശാരീരിക അസ്വസ്ഥതകൾ അനു

ഭവിക്കുന്ന വൃദ്ധജനങ്ങൾക്ക് അവരുടെ അവസാനകാലം ആത്മീയ കൂട്ടായ്മ അനുഭവിച്ച് സന്തോഷത്തോടുകൂടി കഴിയുവാൻ സാധിക്കും. കവടിയാറിൽ താമസിക്കുന്ന ഒരു വൃദ്ധപിതാവ് കവടിയാർ വില്ലേജിലുള്ള തന്റെ വീടും സ്ഥലവും, അതുപോലെ നന്ദാവനത്ത് താമസിക്കുന്ന ഒരു വൃദ്ധമാതാവ് വഞ്ചിയൂർ വില്ലേജിലുള്ള തന്റെ വീടും സ്ഥലവും നമ്മുടെ സഭയുടെ പേരിൽ വിൽപ്പത്രം നൽകിയിരിക്കുന്നതായി മനസ്സിലാക്കുന്നു. അവർക്ക് ആവശ്യമായ പരിചരണവും ശുശ്രൂഷയും ലഭ്യമാക്കേണ്ട കാര്യത്തിൽ സഭയ്ക്കുള്ള ഉത്തരവാദിത്വം ചെറുതല്ല.

ഭവനത്തിൽ അവശരായ വൃദ്ധമാതാപിതാക്കളെ കൂടെ താമസിപ്പിച്ച് ആവശ്യത്തിനുള്ള ഒന്നോ രണ്ടോ ജോലിക്കാരെ നിർത്തി ശുശ്രൂഷ നൽകിയാലും മക്കളുടെയോ, മരുമക്കളുടേയോ സാന്നിദ്ധ്യം ഇല്ല എങ്കിൽ ഉദ്ദേശിക്കുന്ന കൂട്ടായ്മയും, സന്തോഷവും, സ്നേഹവും ലഭിക്കുമെന്ന് ഉറപ്പിക്കാൻ പ്രയാസം തന്നെ. ഇവിടെയാണ് വൃദ്ധസദനത്തിന്റെ ആവശ്യകത മനസ്സിലാക്കേണ്ടത്. വൃദ്ധജനങ്ങളെ ജോലിക്കാരുടെ സന്തോഷമില്ലാത്തതും സ്നേഹമില്ലാത്തതുമായ പരിപാലനത്തിൽ നിന്നും രക്ഷിക്കുന്നതിനും അവർക്ക് ആവശ്യമായ പരിചരണവും, ശുശ്രൂഷയും സ്നേഹവും, സന്തോഷവും, ദൈവീക കൂട്ടായ്മയും പ്രത്യാശയും നൽകുന്നതിനായി സഭയുടെ കീഴിൽ ഒരു ട്രസ്റ്റ് രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതും ആശ്വാസകരമായിരിക്കും.

കുടുംബജീവിതം എന്നത് ഒരു ത്രിവേണി സംഗമത്തിന് തുല്യമാണ്. അതായത് മൂന്ന് നദികൾ ഒന്നുചേരുന്ന സ്ഥലം ത്രിവേണി സംഗമം ആകുന്നത് പോലെ. പുരുഷനും സ്ത്രീയും ദൈവവും കൂടിച്ചേരുന്നതാണ് കുടുംബം. എല്ലാ ദിവസവും രാവിലെയും രാത്രിയിലും ദൈവസന്നിധിയിൽ മുട്ടുകുത്തി പ്രാർത്ഥിക്കുമ്പോൾ (കുടുംബപ്രാർത്ഥനകൾക്ക് പുറമേ) ത്രിവേണിസംഗമം യാഥാർത്ഥ്യമാകും. ഈ ത്രിവേണി സംഗമത്തിൽ നിന്നും ഒരാൾ വേർപിരിഞ്ഞാൽ രണ്ടുപേർ ശേഷിക്കുമെന്നോർക്കണം. 'സമയമാം രഥത്തിൽ ഞാൻ സ്വർഗ്ഗയാത്ര ചെയ്യുന്നു' എന്ന ഗാനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ 'രാത്രിയിൽ ഞാൻ ദൈവത്തിന്റെ കൈകളിൽ ഉറങ്ങുന്നു, അപ്പോഴും എൻ രഥത്തിന്റെ ചക്രം മുമ്പോട്ടോടുന്നു'. ഈ ചിന്ത ഉണ്ടായാൽ ഉറക്കം ലഭിക്കാൻ പ്രയാസമൊന്നുമുണ്ടാകില്ല നിശ്ചയം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.



13th Anniversary
09-October-2014

**GNANADAS OLIVER**

**'Blessed are the dead who die in the Lord' (Rev. 14:13)**

Inserted by
Wife and Children

ഭക്തിഗാനങ്ങൾക്കു പിന്നിലുള്ള കഥ: **ആൽബർട്ട് ലിവിങ്സ്റ്റൺ**

# "പാടും ഞാനെൻ യേശുപേരിൽ"

**(I will sing of my Redeemer )**

(ക്രിസ്തീയ ആരാധനയ്ക്കുള്ള പാട്ടുകൾ. 264)

I will sing of my Redeemer
And his wondrous love to me
On the cruel cross He suffered
From the curse to let me free.

18-ാം നൂറ്റാണ്ടിലെ പ്രശസ്തരായ ഒരു സംഘം സുവിശേഷകന്മാരും പ്രാസംഗികന്മാരും സംഗീതജ്ഞരും പാട്ടുകാരും ഉണ്ടായിരുന്നതിൽ ഡി.എൽ. മൂഡി, ഇറാ ഡി, സാങ്കി, പി.പി.ബ്ളിസ്, ജോർജ്ജ് സ്റ്റബ്ബിൻസ് എന്നിവർ ഉൾപ്പെടുന്നു. അമേരിക്കയിലെ ചിക്കാഗോയിലെ ആത്മീയ ഉണർവ്വുമായി ബന്ധപ്പെട്ട് ബ്ളിസ്സ് ഏറെ അറിയപ്പെടുന്നു.

ഫിലിപ്പ് പാൾ ബ്ളിസ് 1838 ജൂലൈ 9 ന് പെൻസിൽവേനിയയിലെ ക്ലിയർ ഫീൽഡ് കൗണ്ടിയിൽ ജനിച്ചു. ഐസക് ബ്ളിസ്, ലിഡിയ ദമ്പതികളുടെ മൂന്നാമത്തെ മകനായിരുന്നു ഫിലിപ്പ്. പിതാവിനെപ്പറ്റി ഫിലിപ്പ് പറഞ്ഞിട്ടുള്ളത്: ഞാൻ അറിഞ്ഞിട്ടുള്ളതിൽവെച്ച് ഏറ്റവും നല്ല മനുഷ്യൻ. അദ്ദേഹം വായിച്ചിട്ടുള്ള ഒരേ ഒരു പുസ്തകം ബൈബിൾ ആയിരുന്നു. തന്റെ രക്ഷകനുമായുള്ള സംസർഗ്ഗത്തിൽ ജീവിച്ച അദ്ദേഹം എല്ലായ്പോഴും സന്തോഷവാനും കർത്താവിലാശ്രയിക്കുന്നയാളും എല്ലായ്പോഴും പാട്ടുപാടുന്നയാളുമായിരുന്നു. ഇങ്ങനെയുള്ള ഒരു പിതാവിനാൽ പാൾ അനുഗ്രഹീതനായിരുന്നു. ജീവിതത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ കർത്താവിൽ ആശ്രയം വെക്കുകയും കർത്താവിന്റെ മഹത്വത്തിനായി ജീവിക്കുവാൻ ശ്രമിക്കയും ചെയ്തു.

ചെറുപ്പത്തിൽ തന്നെ ഫിലിപ്പിന് സംഗീതത്തോടു ഏറെ വ്യഗ്രതയുണ്ടായിരുന്നു. പാട്ടുകളോടുള്ള ഇഷ്ടം വർഷം കഴിയുന്തോറും ഏറിവന്നു. 10 വയസ്സായിരുന്നപ്പോൾ ഉണ്ടായ ഒരു സംഭവം സംഗീതത്തോടുണ്ടായിരുന്ന ആവേശം കാണിക്കുന്നു. ഫിലിപ്പ് ഒരു ദിവസം ആദ്യമായി ഒരു പിയാനോ വായിക്കുന്ന സ്വരം കേട്ടു. കാലിൽ പാദരക്ഷ ഇടാത്ത ഒരു ബാലനായ അവൻ പതിവുപോലെ ഗ്രാമത്തിലെ വീടുകൾതോടും കൂടയിൽ പച്ചക്കറികൾ കൊണ്ടുപോയി വിതരണം ചെയ്യുകയായിരുന്നു. ആ ദിവസത്തെ പണിതീർന്നു വീട്ടിലേക്കു മടങ്ങുമ്പോൾ വഴിയിലുള്ള ഒരു വീടിന്റെ തുറന്നു കിടന്ന വാതിലിൽ കൂടി സംഗീതം കേട്ടു. അവൻ അൽപ്പം നിന്നു. സംഗീതം തുടർന്നുകൊണ്ടേയിരുന്നു. അകത്തേക്ക് അവനറിയാതെ നീങ്ങി. മുറിക്കുള്ളിൽ ഒരു സ്ത്രീയിരുന്നു പിയാനോ വായിക്കുന്നതിനടുത്തേക്കു എത്തി. അവൾ ഒരു ഗാനം പാടിക്കൊണ്ട് അതിനു പശ്ചാത്തലസംഗീതം വായിക്കുകയായിരുന്നു. ആനന്ദപരവശനായി ഫിലിപ്പ് ആ പിയാനോയ്ക്കടുത്ത് നിന്ന് ശ്രവിച്ച് മതി മറന്നു ആസ്വദിച്ചു. അവന്റെ ചലനങ്ങൾ അവൾ കാണുന്നതിനിടയായി. പെട്ടെന്നു കണ്ട അവൾ ഉച്ചത്തിൽ നിലവിളിച്ചു. "നീ ആരാണ്? എന്റെ വീടിനുള്ളിൽ നീ എന്തു ചെയ്യുന്നു? പുറത്തു കടക്കൂ!!"

ഫിലിപ്പിന് 11 വയസ്സായപ്പോൾ എന്തെങ്കിലും പണി ചെയ്യാനായി വീട്ടിൽ നിന്നും പറഞ്ഞു വിട്ടു. ആദ്യം ഒരു കർഷകന്റെ സഹായിയായും പിന്നീട് ഒരു തടിമില്ലിലും പണിയെടുത്തു. കിട്ടുന്ന കൂലികൊണ്ട് കുടുംബത്തിൽ ചെലവുനടത്തി. 21-ാം വയസ്സിൽ ലൂസി യംഗനെ വിവാഹം ചെയ്തു. ഫിലിപ്പ് അവന്റെ അമ്മായപ്പന്റെ ഫാമിൽ പണിയെടുക്കുകയും വൈകുന്നേരങ്ങളിൽ സംഗീതം പഠിപ്പിക്കാൻ പോകുകയും ചെയ്തു.

22-ാം വയസ്സിൽ ഫിലിപ്പിന് ന്യൂയോർക്കിലുള്ള നാഷണൽ മ്യൂസിക് അക്കാദമിയിൽ ചേർന്നു പഠിക്കുന്നതിനുള്ള അവസരം കിട്ടി. ഇതു സംഗീതത്തിലുള്ള താല്പര്യം വർദ്ധിപ്പിച്ചു. അങ്ങനെ ഒരു സംഗീതാദ്ധ്യാപക നായിത്തീർന്നു. അക്കാലത്ത് സണ്ടേസ്ക്കൂൾ കുട്ടികൾക്കായി ലഘുവായ രാഗങ്ങൾ രചിച്ചു. പിന്നീട് ചിക്കാഗോയിൽ പോയി പാട്ടുകൾ രചിക്കാൻ തുടങ്ങി. ഈ പ്രവർത്തനത്തിൽ ഡോ.ജോർജ്ജ് എഫ് റൂട്ട് എന്ന സംഗീതജ്ഞൻ ഏറെ സഹായിച്ചു. ക്രമേണ ഫിലിപ്പ് ഒരു തികഞ്ഞ സംഗീതജ്ഞനായി അറിയപ്പെട്ടു.

ചിക്കാഗോയിൽ ഡി.എൽ. മൂഡിയെ കണ്ടുമുട്ടി. ഇതൊരു ദീർഘമായ സ്നേഹബന്ധത്തിനും അടുപ്പത്തിനും തുടക്കംകുറിച്ചു. ഫിലിപ്പ് ഒരു ആത്മീയ മനുഷ്യനായിരുന്നു. തന്റെ ജീവിതലക്ഷ്യം ദൈവഹിതം നിവർത്തിക്കുക എന്നതായിരുന്നു. അതിനാൽ ഭൗതിക വിഷയങ്ങളിൽ പാട്ടുകൾ ചമയ്ക്കുന്നതു മതിയാക്കി ആത്മാക്കളെ രക്ഷയിലേക്കു ആനയിക്കുന്ന ഗാനരചനയിലും കർതൃശുശ്രൂഷയിലും പൂർണ്ണമായി സമർപ്പിക്കപ്പെട്ടു. പ്രശസ്തസുവിശേഷ പ്രാസംഗികനായ മേജർ വിറ്റിലിനോടൊപ്പം അമേരിക്ക മുഴുവൻ ചുറ്റിസഞ്ചരിച്ച് സുവിശേഷ ഗാനങ്ങളിലൂടെ ശുശ്രൂഷ ചെയ്തു.

എന്നാൽ ബ്ളിസ്സിന്റെ ദൈവീകശുശ്രൂഷ 38-ാം വയസ്സിൽ ആകസ്മികമായി നിലച്ചു. 1876 ഡിസംബർ 30 ന് തന്റെ പത്നിയുമായി ചിക്കാഗോയിലേക്കു പോകവേ, ട്രെയിൻ ഒരു പാലത്തിൽ നിന്നും അഗാധമായ കൊക്കയിലേക്കു തകർന്നു വീണ് ട്രെയിനിനു തീ പിടിച്ചു. ബ്ളിസ് രക്ഷപ്പെട്ടെങ്കിലും തന്റെ പത്നിയെ രക്ഷപ്പെടുത്താൻ ശ്രമിക്കുന്നതിനിടയിൽ രണ്ടു പേരും മരിക്കുന്നതിനിടയായി.

ചിക്കാഗോയിലെ ഒരു സ്മാരകയോഗത്തിൽ ഗുഡ്വിൻ എന്ന ശുശ്രൂഷകൻ ചെയ്ത പ്രസംഗത്തിൽ പറഞ്ഞത് ഇപ്രകാരമാണ്: "സ്നേഹിതരെ, ദൈവത്തിനു ഒരിക്കലും തെറ്റുപറ്റുന്നില്ല, ഈ അത്യാഹിതം വരുത്തുന്നതിനായി ദൈവം ആരെയും നിയോഗിച്ചില്ല. അതെപ്പറ്റി തർക്കിച്ച് നാം തെറ്റുചെയ്യേണ്ടതില്ല. ഒരു മുറിയിൽനിന്നുള്ള ഇരുട്ടിനെപ്പറ്റി എളുപ്പത്തിൽ വാദിക്കാം. നാം ചർച്ച നിറുത്തി അടഞ്ഞ വാതിലുകൾ തുറക്കുമ്പോൾ പ്രകാശം അകത്തു കടക്കുന്നു-ദൈവവചനമാകുന്ന വെളിച്ചം." "തന്റെ ഭക്തന്മാരുടെ മരണം യഹോവയ്ക്കു വിലയേറിയതാകുന്നു" (സങ്കീ. 116:15)

"ഇന്നുമുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ" (വെളി.14:13)

ഫിലിപ്പ് ബ്ളിസ് അനേകം ഗാനങ്ങൾ രചിച്ചു അവയെല്ലാം മനുഷ്യാത്മാക്കളുടെ ആവശ്യം നിറവേറ്റുന്നതിനുതകുന്നതായിരുന്നു. ഓരോ ഗാനത്തിലും മതിയായ സുവിശേഷം നിറഞ്ഞിരുന്നു. വ്യാകുലമായ മനസ്സുകളെ ക്രിസ്തുവിങ്കലേക്കു നയിക്കുന്നതിനുതകുന്ന ഒരു സുവിശേഷ സന്ദേശം.

അദ്ദേഹത്തിന്റെ സുവിശേഷഗാനങ്ങളിൽ ഏറ്റവും പ്രീയങ്കരമായിത്തീർന്ന ഗാനങ്ങളിലൊന്നാണ് 'I will sing of my Redeemer'

1. പാടും ഞാനെൻ യേശുപേരിൽ
ആശ്ചര്യം തൻ സ്നേഹമാം
പാടും നോവും പൂണ്ടു ക്രൂശിൽ
ശാപം നീക്കി വീണ്ടുമാം.

പാടും പാടും യേശുപേരിൽ
വാങ്ങിച്ചെന്നെ ചോരയാൽ
ക്രൂശിൽ മുദ്ര ചാർത്തി മാപ്പിൽ
താൻ വിടീച്ചെന്നെ അതാൽ

2. പോയഭാഗ്യം വീണ്ടും നൽകാൻ
സ്നേഹകാരുണ്യങ്ങളാൽ
താൻ എൻ പാപശാന്തിയായാൻ
ഈ വിശേഷം പാടും ഞാൻ - പാടും

3. പാടും പ്രിയൻ യേശുവേ ഞാൻ
പാപം ചാവും നരകം
ഞാൻ വെന്നീടാൻ ചെയ്യുന്നേ താൻ
ആ ബലം ഞാൻ കീർത്തിക്കും - പാടും

4. പാടും വീണ്ട യേശുവേ ഞാൻ
തൻ സ്വർഗ്ഗീയ സ്നേഹത്താൽ
ചാവിൽ നിന്നു വാഴ്‌വിൽ ചേർത്താൻ
കൂടെ ഞാനും വാഴുവാൻ - പാടും.

ഈ ഗാനം ആദ്യമായി ചിക്കാഗോയിലെ ഒരു മഹായോഗത്തിൽ അവതരിപ്പിച്ചപ്പോൾ മേജർ വിറ്റിൽ ഇതിന്റെ പശ്ചാത്തലകഥ വികാരഭരിതനായി വിവരിച്ചു. അപകടസ്ഥലത്തുനിന്നും ലഭിച്ച ബ്ളിസിന്റെ ഒരു ട്രങ്ക് പെട്ടിയിൽ നിന്നു കണ്ടെടുത്തതായിരുന്നു ഈ ഗാനവരികൾ.

ഈ ഗാനത്തിനു സംഗീതം നൽകിയത് സുവിശേഷസംഘത്തിൽ ബ്ളിസ്സിനു പിൻഗാമിയായി വന്ന സംഗീതമേധാവി ജയിംസ് മക്ഗ്രാനഹാൻ ആണ്. ഈ ഗാനം ആ യോഗത്തിൽ ഒരു വലിയ ആത്മീയ ഉണർവ്വ് ഉണ്ടാകുന്നതിനിടയാക്കി.

മലയാളത്തിലേക്കു "പാടും ഞനെൻ യേശുപേരിൽ" എന്നിങ്ങനെ വിവർത്തനം ചെയ്തിരിക്കുന്നത് ഭക്തകവി മോശവത്സലം ശാസ്ത്രിയാരാണ്.

'Ho! the Comrades' 'എന്റെ തോഴരെ കൊടികാൺ'; 'Sing them over again to me' 'വീണ്ടും പാടിക്കൊണ്ടാടുവിൻ' എന്നീ ഗാനങ്ങൾ ബ്ളിസിന്റെ രണ്ടിഷ്ടഗാനങ്ങളാണ്.

*"ഞാൻ നിന്റെ നാമത്തെ എന്റെ സഹോദരന്മാരോടു കീർത്തിക്കും. സഭാമദ്ധ്യേ ഞാൻ നിന്നെ സ്തുതിക്കുക്കും" (എബ്രാ 2:12)*

## EVENTS upto 16-09-2014

**Crossed Jordan to be with the Lord**

| Sl.No | Family No | Member |
|---|---|---|
| 1. | **739** | **Mr. Arun Sam Lal A.**<br>Lenin Nagar<br>Died on: 23-08-2014 |
| 2. | **304** | **Mrs.Thankam B. Soman**<br>Shalom, Pattom,<br>Kuravankonam Road, TVM 4<br>Died on: 29-08-2014 |



YFF NEWS

# CHARITY FEST '14

The Young Family Fellowship of our Church organized a Charity Fest on Saturday , 6th September at TJM Hall. The aim of this drive was to raise funds for helping the poor and the needy. The sale was inaugurated by Dr.Geetha Robinson, Professor, Agricultural college, Vellayani. The inaugural meeting was presided by our President Rev.T.Selvarajan, Church Secretary Dr. Christenson E Sarasam and other Church Committee members also attended the meeting .We were able to collect **Rs.3,14,535.00** (Three Lakh Fourteen thousand Five hundered and Thirty Five only) through Charity Fest. We are very thankful to the Chief Guest Dr .Geetha Robinson and all the YFF families, Church members & well wishers for making this event a grand success. The support from our YFF President Rev.T.Selvarajan, Our Presbyters Rev. C R Vincent and Rev. Sunin Spenzer, Church Secretary Dr. Christenson E Sarasam, all Church Committee Members were there always .Our Special thanks to Men's Fellowship, Church Choir, CEYF and Sunday School for joining hands with us for this noble cause. The challenge of conducting this event in 10 days was taken up by our YFF Vice President Er.C.L.Lal.

**Dr Sindhuja Suresh**
Secretary, Young Family Fellowship

---

## Old Newspaper Collection

ദക്ഷിണകേരള മഹായിടവകയുടെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് മുക്കോല ബെഥേൽ ഗ്രാം വൃദ്ധസദനം. ശുശ്രൂഷിക്കാൻ ആരുമില്ലാത്ത വൃദ്ധമാതാപിതാക്കളെ സംരക്ഷിക്കുക എന്നതാണ് ഈ സ്ഥാപനത്തിന്റെ ഉദ്ദേശ്യം. ഈ സ്ഥാപനത്തിന്റെ ചുമതല വഹിക്കുന്ന എഡിസൺ അച്ചൻ ഇതിന്റെ ധനശേഖരണാർത്ഥം തുടങ്ങിയതാണ് കുടുംബങ്ങളിൽ നിന്ന് ഉപയോഗിച്ചുകഴിഞ്ഞ വർത്തമാനപത്രങ്ങളും നോട്ടുബുക്കുകളും മാസികകളും ശേഖരിക്കുക എന്നത്.

പ്രസ്തുത പ്രവർത്തനങ്ങളിൽ 2013 മെയ് മാസം മുതൽ നമ്മുടെ സഭയിലെ യംഗ് ഫാമിലി ഫെല്ലോഷിപ്പും സജീവമായി പങ്കെടുത്തുവരുന്നു. ഇതുവരെ ഉദ്ദേശ്യം 135 കുടുംബങ്ങൾ ഈ സംരംഭത്തിൽ ഞങ്ങളെ സഹായിച്ചു. ഒരു വർഷം പിന്നിടുമ്പോൾ ഒരു ലക്ഷത്തിലധികം രൂപ സമാഹരിക്കുവാൻ ദൈവം ഇടയാക്കി. ഈ സംരംഭത്തിൽ ഞങ്ങളോടൊപ്പം പങ്കാളികളായ എല്ലാ സഭാംഗങ്ങളോടുമുള്ള നന്ദി ഞങ്ങൾ സ്നേഹപൂർവ്വം അറിയിക്കുന്നു. ഒപ്പം തുടർന്നുള്ള മാസങ്ങളിലും ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു. എല്ലാ മാസവും അവസാനത്തെ ഞായറാഴ്ച എല്ലാ ആരാധനകൾക്ക് ശേഷവും യംഗ് ഫാമിലി ഫെല്ലോഷിപ്പ് അംഗങ്ങൾ പത്രവും ബുക്കുകളും ശേഖരിക്കുന്നു. നമ്മുടെ സഭയിലെ എല്ലാ കുടുംബങ്ങളും ഈ പ്രവർത്തനത്തിൽ പങ്കാളികളാകണമെന്ന് അഭ്യർത്ഥിക്കുന്നു.

**കൺവീനർ**

# Bible Quiz

**Ajith Sen**

We wholeheartedly appreciate the immense response we have been getting for the Bible Quiz. We hope that all of you are reading the Bible to find answers to the questions, which is the motive of this Bible Quiz. In the past two issues, some of the mails we received contained mistakes which could have been avoided had the question been understood thoroughly. For example; many got confused with Jacob and Joseph, the "Who" questions were answered when the question had been "What"! For some of the answers which were closely related we have given marks, but we request you to be careful in the future.

This month's questions are selected from the **Book of Exodus (NIV), chapters 1 to 10.** These chapters narrate the story of Moses from his birth to just before the exodus from Egypt, it also recounts the terrible slavery of God's people and the divine deliverance. Each answer has to be accompanied with the relevant verse (reference). The answers can be written either in English or Malayalam and have to be submitted before 14th of every month either at the MM Church Office or can be emailed to churchvoice@gmail.com

1. "I do not know the Lord", who said this?
2. What did God say will come into the ovens of Egyptians if Pharaoh did not obey Him?
3. Who was made like God to Pharaoh?
4. In which basket was baby Moses placed before keeping it among the reeds?
5. What are the names of the store cities that were built for Pharaoh?
6. Whose hand turned leprous, like snow?
7. What is known as mountain of God?
8. Where were the locusts carried to after the plague?
9. Who was the father of Carmi?
10. What was the only place where hail did not fall?

**List of people who had submitted the right answers along with the reference**

1. E. H. Helen Saramma
2. Premila Janelet Sylam
3. T. Dharmaraj
4. Suvarna Yohannan
5. Preetha John
6. Annie Liz Manuel
7. Sumitha Valsalam
8. Binil Winfred
9. Susheela Jamestone
10. Shireen Evangeline Ross
11. Nirmala Lal Jayakumar
12. Lalitha Jacob
13. Jolly Irene G.
14. Lilora P. R.
15. J. Sumangala
16. Mahil Ajith
17. V. Graceammal
18. Reuben S. L.
19. Soben S. L.

**Correct answers to the quiz on Genesis 41 to 50**

1. For seventy days 50:3
2. Joseph said to his ten brothers 42:8,14
3. Serah 46:17
4. Eating with the Hebrews 43:32
5. Five 45:22
6. To Joseph 48:22
7. Benjamin's 44:12
8. Zebulun 49:13
9. 130 47:9
10. Manasseh 41:51

# Circle Prayer

## October & November 2014

| Date | FNo | Name | Ward | Address |
|---|---|---|---|---|
| 03-10-2014 | 1845 | Mr.Rajesh Lawerence | Charachira | TC 11/860, MRA 63, Manchadivila, Nanthencode |
| 03-10-2014 | 1209 | Mr.Justin Manfred | Thycaud | Super Mansion, Kunniode,Kakkavila P.O |
| 03-10-2014 | 1372 | Dr.Satheesh S | Nanthencode | HNo-103, Anugraha, Bains Compound, Nanthencode |
| 07-10-2014 | 367 | Dr.Sugunan K Das | Pattom | Rekha, RLNRA 40, Pattom |
| 07-10-2014 | 1591 | Mr.Ponnu Nadar A | Vazhuthacaud | 209, Gandhi Nagar 2nd Street, Vazhuthacaud |
| 07-10-2014 | 138 | Mrs.Gladis Devadas | Edapazhanji | Sharon, VP 6/496, Manalayam, Kodunganoor |
| 10-10-2014 | 1483 | Mr.Prasanth N Frederick | LMS | Grace Villa, MBC 19, Museum Bains Compound |
| 10-10-2014 | 653 | Er.Alexander D | Muttada | GV 17, TC 3/323, Green Valley, Muttada |
| 10-10-2014 | 1473 | Er.Sanjeev K C | Kowdiar | 7D, Kowdiar Manor, Jawahar Nagar |
| 14-10-2014 | 913 | Dr.Benjamin D | Ulloor | Payaswini, GRA C10, Chavadimukku, Sreekaryam |
| 14-10-2014 | 765 | Mr.George Prasad Alfred | Statue | Premera, KS Road, Kovalam |
| 14-10-2014 | 1597 | Dr.Vijayakumar T S | Ambalamukku | Sharon, NRA D2, TV Station Road, Peroorkada |
| 17-10-2014 | 1242 | Mr.Wilfred Daniel | Charachira | Kavulia House, CRA L23, Charachira |
| 17-10-2014 | 1565 | Mr.Tobi Salins N S | Edapazhanji | Sangeerthanam, TC 6/1362, PTP A 55, PTP Nagar |
| 17-10-2014 | 1298 | Mr.Padma Kumar L J | Nanthencode | Blue Isle, TC 11/1306-1, 119 Bains Compound, Nanthencode |
| 21-10-2014 | 1370 | Mr.Rajan W | Statue | ARA 3, Anjali Nagar, Pallimukku, Pettah |
| 21-10-2014 | 2001 | Mr. Manoj Hudson A R | Vazhuthacaud | MRA-96, TC 38/1062, Chengaloor, Poojappura |
| 21-10-2014 | 1029 | Mr.Rajeev N Godwin | Thycaud | Godwin Villa, CNRA 60, TC 26/776, Bakery Jn |
| 24-10-2014 | 1019 | Mrs.Dani Natchathira Bai | LMS | Blessing, OVRA D-99(1) TC 14/1335-2, Vazhuthacaud |
| 24-10-2014 | 1324 | Er.Samuel J | Ulloor | Anugraha, TC 14/1678, Kadackal Lane, Kannanmoola |
| 24-10-2014 | 1898 | Er.Vivek Livigstone | Pattom | Shadow, KRA 55,Palace View Road, Pattom |
| 28-10-2014 | 204 | Mrs.Freeda Christopher | Muttada | Criss Villa, VH 144, Kowdiar West, Kuravankonam |
| 28-10-2014 | 1581 | Mrs.Jaya Prameela J L | Kowdiar | Flat No-125, Housing Board Flat, Pandits Colony |
| 28-10-2014 | 1992 | Mrs.Saiju G | Ambalamukku | VGRA 65, Vrindavan Gardens, Kokodu Lane, Kowdiar |
| 31-10-2014 | 387 | Mr.Bernard Calist T | Charachira | TC 11/1668, CRA A 17, Charachira |
| 31-10-2014 | 1289 | Dr.John Sajit Edwin | Vazhuthacaud | Helendale, F8, Tagore Nagar, Vazhuthacaud |
| 31-10-2014 | 1331 | Er.Sunil Lal Samuel | Nanthencode | Olivet, Bains Compound-33, Nanthencode |
| 04-11-2014 | 1292 | Dr.Ravindran Joseph N | Pattom | Pearl Vil, TC 12/531, MRA 99, Mulavana |
| 04-11-2014 | 718 | Mr.Babu Japakumar N | Muttada | Rose Dale, MNRA 101A, Sneha Junction, Parottukonam |
| 04-11-2014 | 665 | Mrs.Santha T | Ulloor | Sheshine, H No-A43, Kunamkulam Lane, Murinjapalam |

## We welcome these new families joined by Marriage

| Sl No | Family No | Name | Date of Join |
|---|---|---|---|
| 1 | 2095 | Er.Anoop Mohan, Mrs.Tania K S | 18-08-2014 |
| 2 | 2098 | Dr.Mervin Christo C, Dr.Kezia Blessinda | 22-08-2014 |
| 3 | 2097 | Er.Joe J Sarasam, Er.Anju S Mohan | 27-08-2014 |
| 4 | 2099 | Mr.Jiju Wilfred, Mrs.Vinaya G J | 08-09-2014 |
| 5 | 2100 | Mr.Libin John J H, Mrs.Jessy John | 08-09-2014 |



എഡിറ്റോറിയൽ

# മുതിർന്നവരോടുള്ള നമ്മുടെ സമീപനം



80 വയസ്സുള്ള പിതാവ് തന്റെ ഇളയമകനോടൊപ്പമാണ് താമസം. പ്രായാധിക്യം മൂലം പിതാവിന്റെ കൈകൾ വിറയ്ക്കും. കാഴ്ചയും നന്നേ കുറവ്. എല്ലാ ദിവസവും രാത്രി മകൻ, മരുമകൾ, 6 വയസ്സുകാരനായ പേരക്കുട്ടി എന്നിവരോടൊപ്പം ഒന്നിച്ചിരുന്ന് അത്താഴം കഴിക്കുന്നത് പിതാവിന് ഏറെ സന്തോഷകരമായ അനുഭവമായിരുന്നു.

ഒരു ദിവസം അത്താഴത്തിനിടയിൽ പിതാവ് സ്പൂൺ കൈയിലെടുത്തപ്പോൾ അത് താഴെ വീണു. ഇതിനിടെ വിറയ്ക്കുന്ന കൈകളുമായി ഗ്ലാസ്സെടുത്ത് വെള്ളം കുടിക്കുവാൻ ശ്രമിച്ചപ്പോൾ അതും പിടിവിട്ടു പോയി. ഗ്ലാസ്സ് ഡൈനിംഗ് ടേബിളിൽ വീണ് വിരിയാകെ നനഞ്ഞു. മകൻ ദേഷ്യത്തോടെ ശബ്ദമുയർത്തി ചോദിച്ചു: 'അപ്പന് സൂക്ഷിച്ച് ഗ്ലാസ്സെടുത്തുകൂടേ?' പിതാവ് ഒന്നും മിണ്ടിയില്ല. അടുത്ത ദിവസം മകനും മരുമകളും കൂടി ഡൈനിംഗ് ഹാളിന്റെ മൂലയ്ക്ക് ഒരു ചെറിയ മേശയിട്ട് അപ്പന്റെ സ്ഥാനം അങ്ങോട്ട് മാറ്റി.

ഒരു ദിവസം വൃദ്ധന്റെ കൈയ്യിൽ നിന്ന് സൂപ്പിന്റെ ബൗൾ താഴെവീണ് പൊട്ടി. മകനും മരുമകൾക്കും ദേഷ്യം വന്നു. 'ഛെ, ഈ അപ്പനെക്കൊണ്ട് തോറ്റല്ലോ' അവർ പിറുപിറുത്തു. അടുത്ത ദിവസം സ്റ്റോറിൽ നിന്ന് തടികൊണ്ടുള്ള ഒരു പഴയ ബൗൾ തപ്പിയെടുത്തു. പിന്നീട് അതിലായി പിതാവിന് ഭക്ഷണം കൊടുക്കുന്നത്. അങ്ങനെ ദിവസങ്ങൾ കടന്നുപോയി. ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ പേരക്കുട്ടി മുത്തശ്ശനെ നോക്കും. അദ്ദേഹത്തിന്റെ കണ്ണിൽ നിന്ന് കണ്ണുനീർ പൊടിയുന്നതിന്റെ കാരണം ആ കുട്ടിക്ക് മനസ്സിലായില്ല.

ഒരു ദിവസം അത്താഴം കഴിക്കും മുമ്പ് കുട്ടിയൊരു തടിക്കഷ്ണമെടുത്ത് അത് ഉളികൊണ്ട് ചെത്തിമിനുക്കിയെടുക്കുവാൻ ശ്രമിക്കുന്നത് വൃദ്ധപിതാവിന്റെ മകനും ഭാര്യയും കണ്ടു. കൗതുകത്തോടെ അവർ ചോദിച്ചു: 'മോനേ, നീയാ തടിക്കഷണം കൊണ്ട് എന്തു ചെയ്യുകയാണ്?' കുട്ടി ഉടൻ മറുപടി പറഞ്ഞു: 'പപ്പാ, ഞാൻ വലുതാകുമ്പോൾ പപ്പയ്ക്കും അമ്മയ്ക്കും ഭക്ഷണം തരാൻ തടികൊണ്ടുള്ള രണ്ട് ബൗളുകൾ ഇപ്പോഴേ ഉണ്ടാക്കി വെയ്ക്കുകയാണ്.'

6 വയസ്സുള്ള കുട്ടിയുടെ നിഷ്ക്കളങ്കമായ മറുപടി കേട്ടപ്പോൾ മകനും മരുമകളും എന്താണ് പറയേണ്ടതെന്ന് അറിയാതെ ഒരു നിമിഷം നിന്നുപോയി. തങ്ങൾ വയസ്സായ അപ്പനോട് ചെയ്ത തെറ്റിന്റെ ഗൗരവം അവർക്ക് മനസ്സിലായി. അവരുടെ കണ്ണുകൾ നിറഞ്ഞൊഴുകി. അന്നുമുതൽ അത്താഴം കഴിക്കുമ്പോൾ അവർ പിതാവിനെക്കൂടെ തങ്ങളുടെ ഒപ്പമിരുത്തി. ആ അപ്പൻ

സന്തോഷത്തോടെ അവരോടൊപ്പം വീണ്ടും 10 വർഷം കൂടി ജീവിച്ചു.

ഒക്ടോബർ 1 ലോക വൃദ്ധദിനമാണ്. **പ്രായമായവർ കുടുംബത്തിന്റെ ബലമാണ്. അവരുടെ അറിവും പരിചയവും പ്രാർത്ഥനയും കുടുംബ ത്തിന്റെ സ്വത്താണ്.** രോഗികളും ഏകാന്തതയിൽ കഴിയുന്നവരുമായ മുതിർന്ന തലമുറയെ സന്ദർശിക്കുവാനും അവരുടെ അനുഭവങ്ങൾ കേൾക്കുവാനും നാം തിരക്കിനിടയിൽ സമയം കണ്ടെത്തണം. അവർക്കത് ആത്മവിശ്വാസം പക രും. സമൂഹത്തിൽ അവർ വിലപ്പെട്ടവരാണെന്നും അവരുടെ അനുഭവജ്ഞാനം ഇളംതലമുറയ്ക്ക് ആവശ്യമുണ്ടെന്നും മുതിർന്നവരെ ബോദ്ധ്യപ്പെടുത്തണം. **നമ്മുടെ സാന്നിദ്ധ്യം കൊണ്ടും സമീപനം കൊണ്ടും സംസാരം കൊണ്ടും വൃദ്ധമാതാപിതാക്കൾ ഉത്സാഹമുള്ളവരായും ശക്തരായും തീരണം.**

വാർദ്ധക്യസഹജമായ പ്രയാസങ്ങൾ സഹിക്കുവാനുള്ള ആന്തരിക ധൈര്യം മക്കളുടെ സഹകരണം കൊണ്ടും, സ്നേഹിതരുടെയും, സഭാംഗങ്ങ ളുടെയും സാന്നിദ്ധ്യവും പ്രാർത്ഥനയും കൊണ്ടും ലഭ്യമാവും. വാർദ്ധക്യകാ ലത്ത് ഉപേക്ഷിക്കാത്ത ഒരു ദൈവം കൂടെയുണ്ട് എന്ന ധൈര്യവും ഉറപ്പും കാത്തുസൂക്ഷിക്കാൻ ഇത് സഹായിക്കും. ഈ ദിശയിൽ കഴിഞ്ഞ ചില വർഷ ങ്ങളായി (2003 മുതൽ) നമ്മുടെ സഭയിലെ **സീനിയർ സിറ്റിസൺസ് ഫെല്ലോ ഷിപ്പ്** ചെയ്തുകൊണ്ടിരിക്കുന്ന വിലപ്പെട്ട ശുശ്രൂഷകൾ പ്രശംസനീയമാണ്. ഇളംതലമുറയ്ക്ക് തങ്ങളെക്കൊണ്ട് ഇനിയും പലതും ചെയ്തുകൊടുക്കുവാ നുണ്ടെന്നും, അവർക്ക് വേണ്ടി പ്രാർത്ഥിക്കാനും പ്രവർത്തിക്കാനും കഴിയു മെന്ന ആത്മധൈര്യം ഇതിലൂടെ മുതിർന്നവർക്ക് ലഭിക്കുന്നതിനായി നമുക്ക് ദൈവത്തെ സ്തുതിക്കാം.

പ്രായമായ മാതാപിതാക്കളുടെ ലോകം അവരുടെ വീട്ടിലും പരിസ രത്തും മാത്രമായി ചുരുക്കാതെ അവരെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ നമുക്ക് ആത്മാർത്ഥമായി ശ്രമിക്കാം. മുതിർന്നവരെ കരുതു കയും, ആദരിക്കുകയും, പരിചരിക്കുകയും ചെയ്യേണ്ട നമ്മുടെ കടമയ്ക്ക് നമുക്ക് പ്രത്യേക ശ്രദ്ധ കൊടുക്കാം.

ആർ. സാജൻ സാംസൺ
sajansamson@hotmail.com



*In loving Memory of*



# J. Christopher

(Rtd.Addl. Registrar, Dept of Co-operation)

***Who departed for heavenly abode on 23rd October 2012***

*By: Wife:* T. Maryamma
*Sons:* Sunil Christopher, Dr. Sajan Christopher
*Daughters-in-Law:* Mini.H.R, Dr.Sagila S.G
*Grand Children:* Miriam, Megha, Riya, Diya

*Gone, But not forgotten*

**7th Death Anniversary**



***In loving memory of***

# R. SELVARAJ

(Former HSA, St. Joseph's HSS, Tvm)

*called to eternal glory on 07-10-2007*

*Wife:* Mrs. Saly Selvaraj
*Children :* Kiran Mathew, Priya Kiran Mathew, S. Arun Mathew
*Relatives & Friends*

SCF Retreat



YFF Charity Fest 2014



CEYF Medical Camp



Church Choir Retreat

